പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

**ആനുകാലിക റിപ്പോർട്ട്**

(2025 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2025)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 8-ാം തീയതി സമർപ്പിച്ചത്

(Presented on 8th October, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

## (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

## ആനുകാലിക റിപ്പോർട്ട്

(2025 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1288/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 4 |

# സബ്ജക്റ്റ് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2023-2026)

## ഘടന

ചെയർപേഴ്സൺ :

ശ്രീ. ഒ. ആർ. കേളു

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം :

ഡോ. ആർ. ബിന്ദു,

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീമതി ശാന്തകുമാരി കെ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീമതി ടി. ജി. സിന്ധു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അധ്യക്ഷനായ ഞാൻ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി (2023-26), ബുള്ളറ്റിൻ നമ്പർ 445 ഭാഗം 2 പ്രകാരം 2024 ഡിസംബർ 7-ാം തീയതി രൂപീകൃതമായി. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി 4-7-2024, 4-9-2024, 13-2-2025, 18-2-2025, 21-2-2025, 27-2-2025 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേർന്നു. ഇതിൽ 2 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 1 യോഗം ബില്ലിന്റെ പരിഗണനയ്ക്കും 3 യോഗങ്ങൾ എസ്. ആർ. ഒ. കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

എഴ് അധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അധ്യായം I | - | സമിതി സമർപ്പിച്ച റിപ്പോർട്ടുകൾ |
| അധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകൾ |
| അധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്. ആർ. ഒ. കൾ |
| അധ്യായം IV | - | നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ |
| അധ്യായം V | - | നിയമസഭാ ചട്ടം 235 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അധ്യായം VI | - | ധനാഭ്യർത്ഥനകളിലെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം |
| അധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ |

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു

ഈ റിപ്പോർട്ട് 2025 ഒക്ടോബർ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**ഒ. ആർ. കേളു,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2025 ഒക്ടോബർ 8.

# റിപ്പോർട്ട്

## അദ്ധ്യായം I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2024 ജൂലൈ 4-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.
2. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തിയ ആനുകാലിക റിപ്പോർട്ട് 2024 ജൂലൈ 4-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.
3. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ 13-2-2025-ലെ യോഗത്തിൽ സമിതി പരിഗണിച്ച് ഭേദഗതികളോടെ അംഗീകരിക്കുകയും പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്. ആർ. ഒ.-കൾ സംബന്ധിച്ച വിശദാംശങ്ങൾ

പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുകൊണ്ടുള്ള കരട് ചട്ടങ്ങൾ 4-9-2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>അദ്ധ്യായം IV</u>

**നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ**

റിപ്പോർട്ട് കാലയളവിൽ 235 (എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

<u>അദ്ധ്യായം V</u>

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | റിപ്പോർട്ട് കാലയളവ് | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1. | 2021-22 | XXV | പിന്നാക്ക വിഭാഗ വികസനം | 2-7-2024 |
| 2. | 2023-24 | XLVI | ആഭ്യന്തരം | 2-7-2024 |
| 3. | 2023-24 | " | പൊതുഭരണ (എഫ്. എഫ്. പി) | 8-10-2024 |
| 4. | 2018-19 | " | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (സമുന്നതി) | 18-3-2025 |
| 5. | 2019-20 | " | " | " |
| 6. | 2020-21 | " | " | " |
| 7. | 2021-22 | " | " | " |
| 8. | 2022-23 | " | " | " |
| 9. | 2023-24 | " | സൈനികക്ഷേമ വകുപ്പ് | " |
| 10. | 2022-23 | XXV | പട്ടികജാതി വികസന വകുപ്പ് | " |
| 11. | 2023-24 | XLVI | വനിത ശിശു വികസന വകുപ്പ് | " |

## അദ്ധ്യായം VI

**(എ) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം.**

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ നടപ്പു വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി) ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.**

ഇല്ല

## അദ്ധ്യായം VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ**

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

തിരുവനന്തപുരം,
2025 ഒക്ടോബർ 7.

ഒ. ആർ. കേളു,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIII.*

അനുബന്ധം

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി XIII (സാമൂഹ്യസേവനം)**

4-7-2024-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2024 ജൂലൈ 4-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. ഒ. ആർ. കേളുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
2. ശ്രീ. ചാണ്ടി ഉമ്മൻ
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. സി. സി. മുകുന്ദൻ
5. ശ്രീമതി ശാന്തകുമാരി കെ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്

2. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

3. ശ്രീമതി എസ്. ലത, അഡീഷണൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്

4. ശ്രീ. സന്തോഷ് കുമാർ ടി. കെ., അഡീഷണൽ സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ്

5. ശ്രീമതി ലീമ മാനവൽ, അഡീഷണൽ സെക്രട്ടറി ആൻഡ് രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ

6. ശ്രീമതി മേരി ജോ വി., ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

7. ശ്രീ. കെ. ഗോപാലകൃഷ്ണൻ, ഡയറക്ടർ, പട്ടികജാതി വകുപ്പ്

8. ശ്രീ. സൺദേവ് എൻ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

9. ശ്രീ. എച്ച്. ദിനേശൻ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

10. ശ്രീ. വിജു കുമാർ വി., ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

11. ശ്രീമതി ദീപ ശിവദാസൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

12. ശ്രീ. രാജേഷ് പ്രകാശ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ശ്രീമതി മേഘശ്രീ ഡി. ആർ., ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

14. ഡോ. ബിന്ദു എസ്., ഡയറക്ടർ, കിർത്താഡ്സ്

15. ശ്രീ. ജോൺ വി. സാമുവൽ, ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

16. ശ്രീ. വിനോദ് മാത്യു, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്

17. ശ്രീ. ജോ സി. കതിലങ്കൽ, രജിസ്ട്രാർ, കെ.എസ്.സി.ഇ.ബി.സി.എഫ്.സി.

18. ശ്രീ. വിനോദ് കുമാർ എം. കെ., ഡി.ഐ.ജി. പ്രിസൺസ്

19. ശ്രീ. ജോസഫ് ജോൺ, ജോയിന്റ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

20. ശ്രീമതി എസ്. എൻ. ശിവന്യ, ജോയിന്റ് ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്

21. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

22. ശ്രീമതി സുലക്ഷണ എസ്., അസിസ്റ്റന്റ് ഡയറക്ടർ, കേരള സംസ്ഥാന ക്ഷേമനിധി ബോർഡ്

23. ശ്രീമതി അഞ്ജന എം., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ്

24. ശ്രീ. ബാബുരാജ് ബി., മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഡി.സി. ഫോർ സി.സി. ആൻഡ് ആർ.സി.

25. ശ്രീമതി ദേവി എൽ. ആർ., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷൻ

26. ശ്രീ. എം. കെ. സിനുകുമാർ, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്

27. ശ്രീമതി ശ്രീല മേനോൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, നിർഭയ സെൽ

28. ശ്രീമതി ജയലക്ഷ്മി ടി.എം., സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ്

സമിതി, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കിക്കൊണ്ട് വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

1. <u>2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, പിന്നാക്ക വിഭാഗ വികസനം, സാമൂഹ്യനീതി, വനിതാശിശു വികസനം, ആഭ്യന്തരം, സൈനികക്ഷേമം, പൊതുഭരണം, എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ</u>

(ഫ.നം. 5510/സബ്.സി.ജി2/2023/നി.സെ.)

റിപ്പോർട്ടിലെ 4, 7, 9 - 30 എന്നീ ഖണ്ഡികകളിൻമേൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, 31 മുതൽ 37 വരെ ഖണ്ഡികകളിന്മേൽ പിന്നാക്ക വിഭാഗ വികസനം, 38 മുതൽ 50 വരെയും 61, 62 എന്നീ ഖണ്ഡികകളിന്മേലും സാമൂഹ്യനീതി, 51 മുതൽ 60 വരെയുള്ള ഖണ്ഡികകളിന്മേൽ വനിതാശിശു വികസനം, 63 മുതൽ 65 വരെ ഖണ്ഡികകളിന്മേൽ പൊതുഭരണം, 66 മുതൽ 69 വരെ ഖണ്ഡികകളിൻമേൽ സൈനിക ക്ഷേമം, 70, 71 എന്നീ ഖണ്ഡികകളിൻമേൽ ആഭ്യന്തരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

ഖണ്ഡിക 32 മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ ഒ.ബി.സി.-ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ് എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം 12 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 7,80,000 രൂപ അനുവദിക്കുകയും ചെയ്തതായും ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

എത്ര അഭിഭാഷകർക്കാണ് ഗ്രാന്റ് നൽകാനുള്ളതെന്ന സമിതി ചോദ്യത്തിന് 350-ഓളം പേർക്ക് ഗ്രാന്റ് കൊടുക്കാനുണ്ടെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

33-ാം ഖണ്ഡികയിൻമേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 182 കോടി രൂപയും അധിക ധനാനുമതിയിലൂടെ ലഭിച്ച 396.41 കോടി രൂപയും പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, വിശദമാക്കി.

അപേക്ഷിച്ച എല്ലാവർക്കും സ്കോളർഷിപ്പ്/സ്റ്റൈപ്പെന്റ് തുക ലഭ്യമാക്കിയോ എന്നും ലഭിച്ച തുക മുഴുവൻ ചെലവഴിച്ചെങ്കിൽ കുടിശ്ശിക നിലനിൽക്കുന്നതെങ്ങനെയാണെന്നുമുള്ള സമിതി ചോദ്യത്തിന് ഇനിയും കൊടുക്കാൻ ബാക്കിയുണ്ടെന്നും 2023-24 സാമ്പത്തിക വർഷത്തിൽ കൊടുക്കാൻ സാധിക്കുന്ന തുക മുഴുവൻ കൊടുത്തുകഴിഞ്ഞുവെന്നും പഴയ കുടിശ്ശിക നിലനിൽക്കുന്നതിനോടൊപ്പം പുതിയ ആപ്ലിക്കേഷനുകൾ നിരന്തരം വന്നുകൊണ്ടിരിക്കുകയാണെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

ആപ്ലിക്കേഷനുകൾ സ്വീകരിക്കുന്നതിൽ തീയതി നിഷ്കർഷിച്ചിട്ടില്ലേയെന്ന സമിതി ചോദ്യത്തിന് മുമ്പ് തീയതി നിഷ്കർഷിച്ചിട്ടില്ലായിരുന്നുവെന്നും എന്നാൽ ഇപ്പോൾ തീയതി വ്യക്തത വരുത്തി ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചവർക്ക് തുക ലഭ്യമാകാതിരിക്കുകയും ആപ്ലിക്കേഷൻ സമർപ്പിക്കാൻ സമയം വീണ്ടും അനുവദിക്കുകയും ചെയ്യുന്നത് ശരിയല്ല എന്ന് അഭിപ്രായപ്പെട്ട സമിതി സമയബന്ധിതമായി അപേക്ഷിച്ചവർക്ക് തുക കൊടുക്കാനുള്ള ക്രമീകരണം നടത്തണമെന്നും തീയതി വ്യക്തമായി സ്പെസിഫൈ ചെയ്യുകയും അതിനനുസരിച്ച് ആപ്ലിക്കേഷൻ സ്വീകരിക്കുകയും ചെയ്യണമെന്നും വകുപ്പിന് നിർദ്ദേശം നൽകി.

നേരത്തെ ഒരു തീയതി നിഷ്കർഷിച്ചിട്ടുണ്ടായിരുന്നുവെന്നും പഴയ കുടിശ്ശികയ്ക്ക് ആരെങ്കിലും അപേക്ഷിക്കാൻ ബാക്കിയുണ്ടെങ്കിൽ ഒരു നിശ്ചിത തീയതി വ്യക്തമാക്കിയ ശേഷം അതിനുമുമ്പ് അപേക്ഷിക്കണമെന്ന് അറിയിച്ച് സിസ്റ്റം ഓപ്പൺ ചെയ്തുനൽകുമായിരുന്നുവെന്നും പട്ടികജാതി വിഭാഗമാണ് സ്കോളർഷിപ്പുകൾ സിസ്റ്റത്തിൽ കൈകാര്യം ചെയ്യുന്നതെന്നും എന്നാൽ ഒരു നിശ്ചിത സമയം നിശ്ചയിക്കാതെ സിസ്റ്റം

എപ്പോഴും ഓപ്പൺ ചെയ്തുകൊടുക്കണമെന്ന് സർക്കാരിൽ നിന്നും നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിലാണ് എപ്പോൾ വേണമെങ്കിലും അപേക്ഷിക്കാമെന്ന നിലവന്നതെന്നും 2018-19 വർഷത്തെ സ്കോളർഷിപ്പിനുവേണ്ടി ഇപ്പോഴും അപേക്ഷിക്കാമെന്ന നിലയാണ് നിലവിലുള്ളതെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി.

ഈ രീതി തുടരുന്നത് ശരിയല്ലെന്നും ഒരു അധ്യയന വർഷത്തിന്റെ ആരംഭത്തിൽ സിസ്റ്റം ഓപ്പൺ ആയിരിക്കണമെന്നും പിന്നീട് സ്പെഷ്യൽ ഓർഡർ പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്ന രീതി അവലംബിക്കണമെന്നും എസ്.സി./ഒ.ഇ.സി. കുട്ടികൾക്ക് കൃത്യമായി സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും കൊടുക്കാനുള്ള ജാഗ്രത ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും സമിതി നിർദ്ദേശം നൽകി.

അധ്യയന വർഷം ആരംഭിച്ച് രണ്ടുമൂന്ന് മാസങ്ങൾക്കൂടി സമയം അനുവദിച്ച് കൊടുക്കേണ്ടതുണ്ടെന്നും കഴിഞ്ഞ അധ്യയന വർഷത്തേയ്ക്കുള്ളത് ഉടൻ ക്ലോസ് ചെയ്യാമെന്നും 350 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെടുമ്പോൾ 200 കോടി രൂപ മാത്രമേ അനുവദിച്ച് കിട്ടാറുള്ളുവെന്നും ഇങ്ങനെ ഓരോ വർഷവും കുടിശ്ശിക തുക കൂടി വരുകയും കഴിഞ്ഞ വർഷമായപ്പോൾ അത് 900 കോടി രൂപയായിമാറിയെന്നും 400 കോടി രൂപ ഗവൺമെന്റ് കഴിഞ്ഞ വർഷം അധികമായി നൽകിയതുകൊണ്ടാണ് കുടിശ്ശിക തുക കുറച്ചെങ്കിലും കൊടുത്തുതീർക്കാൻ സാധിച്ചതെന്നും കഴിഞ്ഞ വർഷങ്ങളിലെ കുടിശ്ശിക തുകയായ 450 കോടി രൂപ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും ഈ വർഷത്തെ കുടിശ്ശിക കൂടിയാകുമ്പോൾ അത് 750-800 കോടി രൂപയിലെത്തുമെന്നും തുക ലഭിച്ചാൽ അപ്പോൾ തന്നെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കാൻ വകുപ്പ് തയ്യാറാണെന്നും തുക ലഭിക്കാത്തതിന്റെ കാലതാമസം മാത്രമേ വരുന്നുള്ളുവെന്നും ഒരു വർഷം ശരാശരി ആവശ്യമുള്ള തുക കണക്കാക്കി 400 കോടി രൂപയാണ് എല്ലാ വർഷവും ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിക്കാറുള്ളതെന്നും പക്ഷെ 200 കോടി രൂപയോളം മാത്രമേ ലഭ്യമാകാറുള്ളൂവെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി വിശദമാക്കി.

കുട്ടികൾക്ക് കൊടുക്കാനുള്ള യഥാർത്ഥ തുകയുടെ കണക്കും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയുടെ കണക്കും ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കി ഉദ്യോഗസ്ഥരുടെ യോഗം ചേർന്നുവേണം അടുത്ത സാമ്പത്തിക വർഷം എത്ര തുക ബഡ്ജറ്റ് പ്രൊപ്പോസലായി ആവശ്യപ്പെടണമെന്ന് തീരുമാനിക്കേണ്ടതെന്നും അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഈ വിഷയം പരിഹരിച്ചുപോകാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക 34 ന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 6 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചെങ്കിലും 1.5 കോടി രൂപ മാത്രമേ ലഭ്യമായുള്ളുവെന്നും ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതായും അധികമായി 22.853 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ലെന്നും കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് 17.5 കോടി രൂപ സ്വരൂപിക്കാൻ സാധിച്ചിട്ടുണ്ടെന്നും നിലവിൽ നിരവധി അപേക്ഷകൾ പെൻഡിംഗുള്ളതുകൊണ്ട് കഴിഞ്ഞ വർഷത്തെ തുക പര്യാപ്തമായിരുന്നില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 35 ന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ ആവശ്യപ്പെട്ട തുക ഒന്നുംതന്നെ ലഭിച്ചിട്ടില്ലെന്നും അംഗീകൃത ഷെയർ കാപ്പിറ്റൽ ആയ 200 കോടി രൂപയിൽ 151 കോടി രൂപ മാത്രമേ paid up share capital ആയി ലഭിച്ചിട്ടുള്ളുവെന്നും കൂടാതെ സെൻട്രൽ ഏജൻസികളിൽനിന്നും ലഭിക്കുന്ന തുകയ്ക്ക് 10 ശതമാനം ആനുപാതിക വിഹിതം കൂടി കൊടുക്കേണ്ടതുണ്ടെന്നും ഈ വർഷം കൊടുത്ത ബഡ്ജറ്റ് പ്രൊപ്പോസലിലെ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ടെന്നും സ്ഥാപനത്തിന് ധനസഹായം ആവശ്യമുണ്ടെന്നും ലോൺ റീ-പേമെന്റുകൾ അധികമുണ്ടെന്നും സമിതിയുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടിയായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കോർപ്പറേഷൻ വളരെ ലാഭകരമായി പ്രവർത്തിക്കുന്നതുകൊണ്ട് തുക കൊടുക്കേണ്ടതില്ലെന്നാണ് റിപ്പോർട്ടിൽ പറയുന്നതെന്നും ഗ്രാന്റ് ആയിട്ടല്ലാതെ ലോണായിട്ട് കൊടുക്കുന്നത്കൊണ്ട് തുക മുഴുവൻ തിരിച്ച് ലഭിക്കുന്നതിനാലാണ് സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിക്കുന്നതെന്നും ആ കാരണത്താലാണ് ബഡ്ജറ്റ് വിഹിതം ഒരു രൂപപോലും അനുവദിക്കാത്തതെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 37 ന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ കോളനികളിലെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽനിന്നും ആദ്യം 10 കോളനികളാണ് തിരഞ്ഞെടുത്തതെന്നും എന്നാൽ രണ്ട് കോളനികൾക്ക് ആദ്യം ഭരണാനുമതി കൊടുത്ത് തുക ലഭ്യമാക്കാമെന്ന് സർക്കാർ

അറിയിച്ചെങ്കിലും സാമ്പത്തിക വർഷം അവസാനമായതിനാൽ ലഭ്യമാക്കിയ തുക ചെലവഴിക്കാൻ സാധിച്ചില്ലെന്നും അധികമായി 5 കോടി രൂപ ഈ സാമ്പത്തിക വർഷം ആവശ്യപ്പെട്ടിട്ടുണ്ടെന്നും പത്ത് കോളനികളുടെ ലിസ്റ്റ് കൊടുത്തെങ്കിലും വളരെ വൈകിയാണ് രണ്ടെണ്ണത്തിന് ഗവൺമെന്റിൽനിന്നും അംഗീകാരം ലഭിച്ചതെന്നും സമയം കഴിഞ്ഞതിനാലാണ് 40 ലക്ഷം രൂപ വിനിയോഗിക്കാൻ സാധിക്കാത്തതെന്നും 2024-25 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത തുക അനുവദിച്ചുകിട്ടിയാൽ കോളനികളുടെ വികസന പ്രവർത്തനവുമായി മുന്നോട്ടുപോകാൻ സാധിക്കുമെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 38 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ സർക്കാരിന് ആ തുക അനുവദിക്കാൻ സാധിച്ചില്ല എന്നും ഈ സാമ്പത്തിക വർഷം പുതുക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിക്കാൻ ഓർഫനേജ് കൺട്രോൾ ബോർഡിന് നിർദ്ദേശം കൊടുത്തിട്ടുള്ളതായും ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ ശീർഷകത്തിൽ അനുവദിച്ച തുകയാണ് 1.2234 കോടി രൂപയെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദമാക്കി.

പ്രസ്തുത റിപ്പോർട്ടിൽ വ്യക്തതക്കുറവുണ്ടെന്നും ബഡ്ജറ്റ് വിഹിതമായി എത്ര തുക അനുവദിച്ചിരുന്നെന്നോ അതിൽ എത്ര ചെലവഴിച്ചെന്നോ ഉള്ള വിശദാംശം റിപ്പോർട്ടിലില്ല എന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത ശീർഷകത്തിലെ തുക ജില്ലാ പഞ്ചായത്തിന്റെ ശീർഷകത്തിൽ അനുവദിക്കുന്നതെങ്ങനെയാണെന്നും ഇത് ജില്ലാ പഞ്ചായത്തിന്റെ പ്ലാനാണോ, അതോ വകുപ്പിന്റെ പ്ലാനാണോ എന്നും ആരാഞ്ഞു.

ഇത് വകുപ്പിന്റെ ഫണ്ടാണെന്നും വകുപ്പ് റിലീസ് ചെയ്തുകൊടുത്ത ഫണ്ട് ഓർഫനേജ് ബോർഡിൽനിന്ന് ജില്ലാ പഞ്ചായത്തിലേയ്ക്ക് കൊടുക്കുന്നതാണെന്നും ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റാണെന്നും ഇപ്രാവശ്യം ഫണ്ട് കൊടുത്തിട്ടുണ്ടെന്നും കുടിശ്ശിക തീർക്കുന്നതിനുള്ള അഡീഷണൽ തുകയാണ് ഓർഫനേജ് കൺട്രോൾ ബോർഡ് ആവശ്യപ്പെടുന്നതെന്നും സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

പ്രസ്തുത ശീർഷകത്തിൽ എത്ര തുകയാണ് അനുവദിച്ചതെന്നോ അതിൽ എത്ര ചെലവാക്കിയെന്നോ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്നും അപര്യാപ്തമായ തുകയെക്കുറിച്ച്

മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂവെന്നും സമിതി അഭിപ്രായപ്പെടുകയും അടുത്ത സാമ്പത്തിക വർഷം മുതൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കിക്കൊണ്ട് വ്യക്തവും വിശദവുമായ വിവരങ്ങൾ സഹിതം നിശ്ചിത ഫോറത്തിൽ (ഫോം-എ) റിപ്പോർട്ട് സമർപ്പിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 39 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 18.93 കോടി രൂപ നിഷ്-ന് വകയിരുത്തിയിരുന്നതാണെന്നും നിഷിന്റെ ആഭിമുഖ്യത്തിൽ NIPMR-ൽ ഒരു ഏർലി ഇന്റർവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കപ്പെട്ടില്ലെന്നും ബഡ്ജറ്റ് വിഹിതമായ 18.93 കോടി രൂപയിൽ 12.10 കോടി രൂപ റിലീസ് ചെയ്തുകൊടുത്തതായും ബാക്കി തുക ലഭിക്കാത്തതിനാൽ NIPMR-ൽ തുടങ്ങാനിരുന്ന ഏർലി ഇന്റർവെൻഷൻ സെന്റർ ആരംഭിക്കാൻ സാധിച്ചില്ല എന്നും സമിതി വിലയിരുത്തി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 40 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായുള്ള 3D PRINTING സംവിധാനത്തിന് 5 കോടി രൂപ ആവശ്യമായിരുന്നിട്ടും പുതിയ പ്രൊപ്പോസൽ സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന സമിതി ചോദ്യത്തിന് മറുപടിയായി ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചതിനുശേഷം പ്രൊപ്പോസൽ സമർപ്പിക്കാനാണ് ധനകാര്യ വകുപ്പിൽനിന്നും അറിയിച്ചതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 41 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ ഭിന്നശേഷി വിഭാഗക്കാർക്ക് യു.ഡി.ഐ.ഡി. കാർഡുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 1 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബജറ്റ് വിഹിതമായി ഒരു കോടി രൂപയുണ്ടായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടുകൊണ്ട് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചില്ലെന്നും യു.ഡി.ഐ.ഡി. കാർഡുകളുടെ വിതരണം നടന്നുകൊണ്ടിരിക്കുകയാണെന്നും സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥൻ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 42 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള പദ്ധതികൾ/ ചികിത്സാ ധനസഹായം, മെഡിക്കൽ ഇൻഷ്വറൻസ് എന്നിവ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ലയിപ്പിച്ച് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ച് കൂടുതൽ മുൻഗണന നൽകാൻ തീരുമാനിച്ചതിനാൽ 2022-23 സാമ്പത്തികവർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക അനുവദിച്ചില്ലെന്നും 2023-24 മുതൽ 'നിരാമയ' ഇൻഷ്വറൻസ് പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും പ്രസ്തുത പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതവും വകുപ്പിന്റെ വിഹിതവുമാണ് നൽകിയിരുന്നതെന്നും കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിനാൽ ബി.പി.എൽ. കാർഡുകാർക്ക് ആനുകൂല്യം ലഭ്യമാകുന്നതിനാലാണ് ടി പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്താത്തതെന്നും 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം മാത്രമാണ് നിലവിലുണ്ടായിരുന്നതെന്നും 2023-24-ൽ പുതുക്കിയ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ 77817 പേർക്ക് നൽകിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി ആരോഗ്യ വകുപ്പിന് കൈമാറിയതിനാൽ തുടർ പദ്ധതികൾക്കൊന്നും ആനുകൂല്യം ലഭിക്കില്ല എന്നും സാമൂഹ്യനീതി വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 46 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ 'വികലാംഗ ക്ഷേമ കോർപ്പറേഷൻ' എന്നത് 'ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ' എന്നാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് ഒബ്ജക്ഷൻസ് നിലനിൽക്കുന്നതിനാൽ പേര് സാങ്കേതികമായി മാറ്റാൻ സാധിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച 35 ലക്ഷം രൂപയിൽ ലഭ്യമായ 22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി ലഭിക്കാനുള്ള തുകയും അധികമായി ആവശ്യപ്പെട്ട 1.15 കോടി രൂപയും അനുവദിച്ചിട്ടില്ലെന്നും സാമൂഹ്യനീതി വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 47 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ 2018-ലെ കുറച്ച് തുക കുടിശ്ശികയുണ്ടെന്നും ഈ ശീർഷകത്തിൽ 70.8 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിരുന്നതെന്നും പ്രസ്തുത പദ്ധതിക്കായി ഒരു വർഷം 45 കോടി രൂപ അനുവദിക്കുന്നുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിന്മേൽ

54 കോടി രൂപയിൽ 15 കോടി രൂപയാണ് അനുവദിച്ചതെങ്കിലും അതിനുമുമ്പത്തെ സാമ്പത്തിക വർഷത്തിൽ 45 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നുവെന്നും സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം വിശദമാക്കി.

ആവശ്യപ്പെട്ട തുക ലഭ്യമാകാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കുന്നില്ലെന്ന് സാമൂഹ്യനീതി വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 48 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ 9.4416 കോടി രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ലെന്നും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്ന് വിതരണം ചെയ്തതിന്റെ 16 കോടി രൂപ നൽകാനുണ്ടെന്നും പ്രസ്തുത തുകയ്ക്ക് പ്രൊപ്പോസൽ നൽകുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമാക്കി.

പ്രസ്തുത ഹെഡ്ഡിൽ അനുവദിച്ചതും വിതരണം ചെയ്തതുമായ തുക എത്രയാണെന്ന് വ്യക്തമാക്കാതെ ലഭിക്കാനുള്ള തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പ്രഥമദൃഷ്ട്യാ ഒരു തുകയും ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 49 മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ 9.579 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടതെന്നും 2017-18 മുതൽ 2022-23 വരെ അഡീഷണൽ ഓതറൈസേഷൻ മുഖേന 14.2590 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ടി തുകയിൽനിന്ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 13.1850 കോടി രൂപയുടെയും മുനിസിപ്പാലിറ്റി വിഹിതമായി 76.50 ലക്ഷം രൂപയുടെയും കോർപ്പറേഷൻ വിഹിതമായി 30.90 ലക്ഷം രൂപയുടെയും പ്രൊപ്പോസലുകളാണ് ധനകാര്യ വകുപ്പിൽനിന്നും സാമൂഹ്യനീതി ഡയറക്ടറേറ്റിന് ലഭിച്ചതെന്നും അത് ഈ സാമ്പത്തിക വർഷം പരിഗണിക്കാൻ കഴിയുകയില്ലെന്നും പെന്റിംഗുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള എണ്ണത്തിന്റെയും തുകയുടെയും വിശദവിവരങ്ങൾ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് താഴെത്തട്ടിൽനിന്നും ലഭിച്ചാൽ മാത്രമേ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് കാലതാമസം വരുന്നതെന്നും 2017-18 മുതൽ 2022-23 വരെയുള്ള കുടിശ്ശിക നൽകാനുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ വ്യക്തമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 50 ന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപയാണ് ബഡ്ജറ്റ് പ്രൊവിഷനുണ്ടായിരുന്നതെന്നും കൺസ്ട്രക്ഷൻ വർക്കായതുകൊണ്ട് ചീഫ് എൻജിനീയർ പി.ഡബ്ല്യൂ.ഡി.-യുടെ ഹെഡ്ഡിലാണ് ഡി.ഇ.ഐ.സി.-യുടെ കൺസ്ട്രക്ഷൻ വരുന്നതെന്നും അതിപ്പോൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും പ്രൊപ്പോസൽ ലഭിച്ചാൽ മാത്രമേ അധിക തുക ആവശ്യപ്പെടാൻ സാധിക്കുകയുള്ളൂവെന്നും സാമൂഹ്യനീതി വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 61 ന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ സ്നേഹപൂർവം പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ 49872 അപേക്ഷകളാണ് ലഭിച്ചതെന്നും ബജറ്റിൽ വകയിരുത്തിയ 17 കോടി രൂപയിൽ 11.05 കോടി രൂപ മാത്രമേ റിലീസ് ചെയ്തിട്ടുള്ളൂവെന്നും ബാക്കി തുകകൂടി ലഭിച്ചാൽ മാത്രമേ 21742 കുട്ടികൾക്കുള്ള പത്തുമാസത്തെ വിദ്യാഭ്യാസ ധനസഹായം നൽകാൻ സാധിക്കൂ എന്നും കഴിഞ്ഞ വർഷം 58000 കുട്ടികളുടെ അപേക്ഷ ലഭിച്ചതിൽ ആറുമാസത്തെ തുക മാത്രമേ നൽകാൻ സാധിച്ചിട്ടുള്ളൂ എന്നും പത്തുമാസത്തെ തുക വീതമാണ് നൽകിക്കൊണ്ടിരിക്കുന്നതെന്നും കഴിഞ്ഞ വർഷം പതിനേഴ് കോടി രൂപ അനുവദിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതായും അധികമായി ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടില്ലെന്നും ഒരു അധ്യയനവർഷത്തിൽ പത്തുമാസത്തെ തുക ഒറ്റത്തവണയായാണ് നൽകുന്നതെന്നും കഴിഞ്ഞ വർഷം പഠിച്ച കുട്ടികൾക്ക് ഈ വർഷമാണ് ധനസഹായം നൽകുന്നതെന്നും സാമൂഹ്യനീതി വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 62 ന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ കഴിഞ്ഞ സാമ്പത്തിക വർഷം 3.80 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനുണ്ടായിരുന്നതിൽ 2.47 കോടി രൂപ മാത്രമേ റിലീസ് ചെയ്ത് നൽകിയിട്ടുള്ളൂവെന്നും ടൈപ്പ് വൺ പ്രമേഹം ബാധിച്ച 1800-ഓളം കുട്ടികൾക്ക് സൗജന്യ ഇൻസുലിൻ തെറാപ്പിയും, ഗ്ലൂക്കോസിന്റെ അളവ് തുടർച്ചയായി നിരീക്ഷിക്കുന്നതിനുള്ള ഉപകരണങ്ങളും വിതരണം ചെയ്തിട്ടുള്ളതായും കെ.എം.എസ്.സി.എൽ. മുഖേന മെഡിസിൻ സപ്ലൈ ചെയ്തതിൽ കുടിശ്ശിക കൊടുക്കാനുണ്ടെന്നും ആറ് കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടതെന്നും ഒരെണ്ണത്തിന് ഏകദേശം ആറ് ലക്ഷം രൂപയോളം വിലയുള്ള ഓട്ടോമാറ്റിക് ഇൻസുലിൻ പമ്പ് വാങ്ങിയതിൽ എട്ട് എണ്ണത്തിന്റെ തുക ഇതുവരെ നൽകാൻ സാധിച്ചിട്ടില്ലെന്നും സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറി വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 53 ന്മേൽ വനിത ശിശുവികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ 2023-24 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സാമൂഹ്യക്ഷേമ ബോർഡ് ഫണ്ട് നിർത്തലാക്കിയെന്നും 50:50 എന്ന റേഷ്യോയിലാണ് ഫണ്ട് ലഭിച്ചിരുന്നതെന്നും 2023-ൽ സംസ്ഥാന വിഹിതമായി 1,30,99,012 രൂപ ആവശ്യമായിരുന്നു എന്നാൽ 96.20 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റ് വിഹിതം അനുവദിച്ചെങ്കിലും ആ വർഷം തുക ലഭിച്ചിട്ടില്ലെന്നും കൂടാതെ 2018-19 സാമ്പത്തിക വർഷത്തെ ഭരണചെലവുകൾക്കായി കേന്ദ്രബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 5 ലക്ഷത്തിൽ കൂടുതൽ തുക കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനുണ്ടെന്നും ഈ ശീർഷകത്തിൽ 94.31 ലക്ഷം രൂപയാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളതെന്നും നിലവിലുള്ള ബാങ്ക് ബാലൻസിൽനിന്നാണ് വിഹിതം കൊടുത്തുകൊണ്ടിരുന്നതെന്നും വനിത ശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 54 ന്മേൽ വനിതശിശു വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിരുന്നുവെന്നും എന്നാൽ പ്ലാൻ പർപ്പസിനല്ല എന്നതിന്റെ പേരിൽ തുക അനുവദിച്ചില്ലെന്നും ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാമിനുവേണ്ടി ഈ വർഷം വർക്കിംഗ് ഫണ്ടിലേക്ക് കൊടുത്ത് അംഗീകാരമായിട്ടുണ്ടെന്നും വനിത ശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

ഓരാ ഹെഡ്ഡിലും അധികമായി ആവശ്യപ്പെട്ട തുക വ്യക്തമായി രേഖപ്പെടുത്തണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 57 ന്മേൽ വനിത ശിശുവികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ 'പടവുകൾ' എന്ന പദ്ധതിക്കുവേണ്ടി നടപ്പുവർഷം പ്ലാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപ്പ് വർഷത്തേക്കുമായി 3,11,58,180 രൂപ അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും 242 പേർക്ക് തുക നൽകാനുണ്ടെന്നും ബഡ്ജറ്റ് വിഹിതം ലഭിച്ചിട്ടുണ്ടെന്നും ആ തുക മുഴുവനും ചെലവഴിച്ചിട്ടുണ്ടെന്നും മുൻ വർഷത്തെ കുടിശ്ശിക കൊടുക്കാനുള്ള തുക അനുവദിച്ചിട്ടില്ലെന്നും ഈ വർഷം അതിന്റെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും പ്രസ്തുത

ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ച തുക 1.99 കോടി രൂപയാണെന്നും സമിതിയുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായി വനിത ശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 59 ന്മേൽ വനിത ശിശുവികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം 74.89 ലക്ഷം രൂപയായിരുന്നുവെന്നും അതിൽ 48.5 ലക്ഷം രൂപയാണ് ലഭിച്ചതെന്നും ശ്രീചിത്ര ഹോമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ജീവനക്കാരുടെ പേ റിവിഷൻ അനുവദിച്ച് ശമ്പളം നൽകുന്നതിനും കുമാരപുരത്തുള്ള ഒരേക്കർ ഭൂമിയിൽ രോഗീ-സൗഹൃദ ഷോർട്ട് സ്റ്റേ കെട്ടിടം, മാതൃശിശു പുനരധിവാസ ഷോർട്ട് സ്റ്റേ, മുതിർന്ന പെൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം, അപ്പാരൽ തൊഴിൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും ഉൾപ്പെടെ 60 കോടി രൂപ ശിപാർശ ചെയ്തിട്ടുണ്ടെന്നും ഈ ശീർഷകത്തിൽ ആകെ 60.96 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടതെന്നും ബജറ്റിൽ അനുവദിച്ച 74 ലക്ഷം രൂപയിൽ 48.5 ലക്ഷം രൂപ മാത്രമേ ലഭിച്ചുള്ളുവെന്നും ചുറ്റുമതിലിനുള്ള 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ പ്രൊപ്പോസൽ പി.ഡബ്ല്യൂ.ഡി.-യിൽ നിന്ന് വാങ്ങിയിരുന്നെങ്കിലും അത് പ്രോജക്റ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ തിരിച്ചെടുത്തുവെന്നും ശ്രീചിത്രാ ഹോമിൽ 52 ആൺകുട്ടികളും 113 പെൺകുട്ടികളുമടക്കം ആകെ 165 കുട്ടികളാണുള്ളതെന്നും 70 വർഷത്തോളം പഴക്കമുള്ള കെട്ടിടമായതിനാൽ മഴപെയ്താൽ ചോർന്നൊലിക്കുന്ന അവസ്ഥയാണുള്ളതെന്നും ആയതിനാൽ പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ചാൽ അതിന് പരിഹാരം കാണാൻ സാധിക്കുമെന്നും ബാക്കി തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ കൊടുത്തെങ്കിലും സീലിംഗ് കാരണം തുക കുറച്ചാണ് ലഭിച്ചതെന്നും വനിത ശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 65 പരിഗണിക്കവെ കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷൻ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തതയില്ലെന്നും, ബഡ്ജറ്റ് വിഹിതം, ലഭിച്ച തുക, ചെലവ് , അധികതുക ആവശ്യപ്പെടുന്നതിനുള്ള കാരണം എന്നിവ വ്യക്തമായി രേഖപ്പെടുത്തണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 67 ന്മേൽ സൈനികക്ഷേമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ സൈനിക ക്ഷേമ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ടുള്ള ഓഫീസുകളിലും ഡയറക്ടറേറ്റിലും

കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 75 ലക്ഷം രൂപയാണ് അധികമായി ശിപാർശ ചെയ്തതെന്നും 64 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സൈനിക ക്ഷേമ ഡയറക്ടർ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ അത് തിരിച്ചയയ്ക്കുകയും വീണ്ടും 32 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കുകയുമാണ് ചെയ്തതെന്നും അത് ഐ.ടി. വിഭാഗവുമായി കൺസൾട്ട് ചെയ്ത് വീണ്ടും ധനകാര്യ വകുപ്പിൽ കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണെന്നും ബഡ്ജറ്റ് വിഹിതമായ 40 ലക്ഷം രൂപ വിമുക്തഭടന്മാർക്കും വിധവകൾക്കും പരിശീലനത്തിനുവേണ്ടിയുള്ളതാണെന്നും അതിൽ 29,47,655 രൂപ ലഭിക്കുകയും പ്രസ്തുത പദ്ധതികൾക്കായി വിനിയോഗിച്ചുവെന്നും അതിനുള്ള ഹെഡ് ഇതുവരെ നിശ്ചയിച്ചിട്ടില്ലെന്നും പരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തപ്പോൾ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നത് അത്യാവശ്യമാണെന്ന് കണ്ടതുകൊണ്ടാണ് കഴിഞ്ഞ സാമ്പത്തിക വർഷം അധിക തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്തതെന്നും സൈനികക്ഷേമ വകുപ്പ് ഡയറക്ടർ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 68 ന്മേൽ സൈനികക്ഷേമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തികവർഷം 1 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നുവെന്നും 5.47 കോടി രൂപ ലഭിക്കാനുണ്ടെന്നും പ്രസ്തുത തുക ബഡ്ജറ്റ് വിഹിതമല്ലെന്നും കോർപ്പസ് ഫണ്ട് സൈനികരുടെ ക്ഷേമത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും സൈനികക്ഷേമ വകുപ്പ് ഡയറക്ടർ വിശദമാക്കി.

പ്രസ്തുത ഖണ്ഡികയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

31, 36 എന്നീ ഖണ്ഡികകളിന്മേൽ പിന്നാക്ക വിഭാഗ വികസനം, 43 മുതൽ 45 വരെ ഖണ്ഡികകളിന്മേൽ സാമൂഹ്യനീതി, 51, 52, 54 - 56, 58, 60 എന്നീ ഖണ്ഡികകളിന്മേൽ വനിതാശിശു വികസനം, 63, 64 എന്നീ ഖണ്ഡികകളിന്മേൽ പൊതുഭരണം, 66, 69 എന്നീ ഖണ്ഡികകളിന്മേൽ സൈനിക ക്ഷേമം, 70, 71 എന്നീ ഖണ്ഡികകളിൻമേൽ ആഭ്യന്തരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും സമിതി അംഗീകരിച്ചു.

2. <u>വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കിക്കൊണ്ട് വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ</u>

1. പട്ടികജാതി വികസന വകുപ്പ് (2021-22)

2. പിന്നാക്ക വിഭാഗ വികസന വകുപ്പ് (2021-22)

3. വനിതാശിശു വികസന വകുപ്പ് (2022-23)

പ്രസ്തുത കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

3. <u>2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധി ച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്</u>

(ഫ.നം. 5510/സബ്.സി ജി2/2023/നി.സെ.)

പ്രസ്തുത ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

4. <u>2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്</u>

(ഫ.നം. 8070/സബ്.സി ജി2/2024/നി.സെ.)

പ്രസ്തുത പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.20-ന് അവസാനിച്ചു.

## സബ്ജക്ട് കമ്മിറ്റി XIII (സാമൂഹ്യ സേവനം)

## 4-9-2024-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച കമ്മിറ്റി XIII 2024 സെപ്റ്റംബർ 4-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. ഒ. ആർ. കേളുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. കെ. ആൻസലൻ
2. ശ്രീമതി ശാന്തകുമാരി കെ.
3. ശ്രീ. യു. എ. ലത്തീഫ് (വീഡിയോ കോൺഫറൻസിംഗ്)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അനിൽ പി. ആന്റണി, അഡീഷണൽ സെക്രട്ടറി & രജിസ്ട്രാർ, പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ
2. ശ്രീ. അനിൽ കുമാർ സി., അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീ. സന്തോഷ് കുമാർ ടി. കെ., അഡീഷണൽ സെക്രട്ടറി, വനിതാ ശിശുവികസന വകുപ്പ്
4. ശ്രീമതി ജയകുമാരി പി., ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്
6. ശ്രീമതി ബിന്ദു ഗോപിനാഥ്, അഡീഷണൽ ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്
7. ശ്രീമതി സിന്ധു സുകുമാരൻ, അണ്ടർ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
8. ശ്രീ. മനോജ് എം. എസ്., അണ്ടർ സെക്രട്ടറി, വനിതാ ശിശുവികസന വകുപ്പ്
9. ശ്രീമതി സോണിയ വാഷിംഗ്ടൺ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ
10. ശ്രീമതി ആർ. ജയശ്രീ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന വനിതാ കമ്മീഷൻ
11. ശ്രീമതി ശ്രീല മേനോൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, നിർഭയ സെൽ, വനിതാ ശിശുവികസന വകുപ്പ്

സമിതി, പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം, കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച ശിപാർശകളിന്മേൽ വനിതാശിശു വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് എന്നിവ പരിഗണനയ്ക്കെടുക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

1. <u>പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം</u>

(ഫയൽ നം. 12290/സബ്.സി.ജി2/2024/നി.സെ.)

2011-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. കരട് ചട്ടങ്ങളുടെ 2-ാം ചട്ടത്തിലെ 2-ാം ഉപചട്ടത്തിലെ

"(i)(എ)" എന്നതിലെ "(i)" എന്ന അക്കവും ബ്രാക്കറ്റും നീക്കം ചെയ്യുക.

"(ii)(ബി)" എന്നതിലെ "(ii)" എന്ന അക്കവും ബ്രാക്കറ്റും നീക്കം ചെയ്യുക.

2. കരട് ചട്ടങ്ങളുടെ ഇംഗ്ലീഷ് പതിപ്പിലെ 2-ാം ചട്ടത്തിലെ "Amendment of the Rules.- (1)" എന്നതിലെ "(1)"എന്ന അക്കവും ബ്രാക്കറ്റും ഒഴിവാക്കുക.

2. <u>കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച ശിപാർശകളിന്മേൽ വനിതാശിശു വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>

(ഫയൽ നം. 4435/സബ്.സി.ജി2/2017/നി.സെ.)

വനിതാ കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വർക്ക് ഫോഴ്സ് ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും ഡൊമസ്റ്റിക് വയലൻസ്, അബ്യൂസ് തുടങ്ങിയ വിഷയങ്ങൾ റിസർച്ച് ചെയ്ത് ഡോക്ടറേറ്റുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, പ്രസ്തുത വിഷയവുമായി നല്ല പരിചയമുള്ള സി.ഡി.പി.ഒ.-മാർ, വനിതാ ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണമെന്നും സമിതി നിർദേശിച്ചിരുന്നെങ്കിലും വനിതാ ശിശുവികസന വകുപ്പിൽ നിന്നും ലഭിച്ച ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ ഉദ്യോഗസ്ഥരുടെ അപേക്ഷകൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചപ്പോൾ സോഷ്യോളജിയിൽ എം.എ., എം.ഫിൽ. ബിരുദമുള്ള ഉദ്യോഗസ്ഥയെയാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസറായി നിയമിച്ചിട്ടുള്ളതെന്നും വനിതാ ശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസറാണ് സി.ഡി.പി.ഒ. ആയി സേവനമനുഷ്ഠിക്കുന്നതെന്നും കേരള സംസ്ഥാന വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി അറിയിച്ചു.

പ്രസ്തുത വിഷയവുമായി പരിചയമുള്ള സി.ഡി.പി.ഒ.-മാർ, വനിതാ ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും നിയമനത്തിന് സമിതിയുടെ

ശിപാർശ പ്രകാരമുള്ള നടപടിയല്ല സ്വീകരിച്ചിട്ടുള്ളതെന്ന് വിലയിരുത്തിയ സമിതി, ഐ.സി.ഡി.എസ്. സൂപ്പർവൈസറായി ഡോക്ടറേറ്റ് ബിരുദമുള്ളവരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും എം.ഫിൽ. ബിരുദമുള്ള ഉദ്യോഗസ്ഥയെ നിയമിച്ചത് സംബന്ധിച്ച് വനിതാശിശു വികസന വകുപ്പിനോട് വിശദീകരണം ആരായാൻ തീരുമാനിച്ചു.

ജാഗ്രതാ സമിതികൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പുനഃസംഘടിപ്പിക്കണമെന്നും അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തിന്മേൽ വനിതാശിശു വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു.

ജാഗ്രതാ സമിതികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 1994-ലെ പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതികൾ വരുത്തുന്നതിനായി ജാഗ്രതാ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച് KILA തയ്യാറാക്കി നൽകിയ മാർഗരേഖ വനിത ശിശുവികസന വകുപ്പ് ഡയറക്ടറേറ്റുമായി ചർച്ച നടത്തി ഭേദഗതികൾ വരുത്തി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ജാഗ്രതാ സമിതികൾക്ക് അവാർഡുകൾ നൽകുന്നുണ്ടെന്നും ആദ്യഘട്ടത്തിൽ ഓരോരുത്തർക്കും 25,000 രൂപ വീതമാണ് അവാർഡായി നൽകിയിരുന്നതെന്നും 2023-24 കാലഘട്ടത്തിൽ അത് 50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളതായും ജാഗ്രതാ സമിതികൾ ആദ്യം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലായിരുന്നെങ്കിലും 2017 മുതൽ അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നത് വനിതാ ശിശുവികസന വകുപ്പായിരുന്നുവെന്നും ജാഗ്രതാ സമിതികൾ വനിതാ ശിശുവികസന വകുപ്പിനുകീഴിലായപ്പോൾ അതിലെ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങളിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും സംസ്ഥാന വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി വിശദമാക്കി.

സാമൂഹ്യക്ഷേമ വകുപ്പായിരുന്ന സമയത്താണ് ജാഗ്രതാ സമിതികൾ രൂപീകരിച്ചതെന്നും ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ ആണ് ജില്ലാതല ജാഗ്രതാ സമിതി യോഗം വിളിച്ചുകൂട്ടിയിരുന്നതെന്നും ഇപ്പോൾ വനിതാ ശിശുവികസന വകുപ്പായതിനാൽ വനിതാ ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധിയാകേണ്ടതുണ്ടെന്നും നിലവിൽ പഞ്ചായത്തുകളിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസറും മുനിസിപ്പാലിറ്റിയിൽ സാമൂഹ്യനീതി വകുപ്പിലെ ഓഫീസറുമാണ് യോഗം വിളിച്ചുകൂട്ടുന്നതെന്നും അതുമാറ്റി വനിതാ ശിശുവികസന വകുപ്പിന്റെ ഓഫീസർ ആക്കേണ്ടതുണ്ടെന്നും അങ്ങനെ സാമൂഹ്യനീതി വകുപ്പിലെ ഓഫീസർമാരെ മാറ്റിക്കൊണ്ട് വനിതാ ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും വനിതാ ശിശുവികസന വകുപ്പുംകൂടി

ആലോചിച്ച് മാത്രമേ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂവെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

'1994-ലെ പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടേയുള്ളൂവെന്നും രണ്ട് വകുപ്പുകളുംകൂടി ആലോചിച്ചാണ് തീരുമാനമെടുക്കേണ്ടതെന്നും ഫയൽ ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പുമന്ത്രിയുടെ ഓഫീസിലാണുള്ളതെന്നും അതിന്മേൽ മന്ത്രിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഉദ്യോഗസ്ഥർ വിശദമാക്കി.

പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്താനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് വനിതാ ശിശുവികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൂടി ആലോചിച്ച് എത്രയുംവേഗം അത് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.

## സബ്ജക്ട് കമ്മിറ്റി XIII (സാമൂഹ്യ സേവനം)

## 13-2-2025-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2025 ഫെബ്രുവരി മാസം 13-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം രാവിലെ 11.45-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ ഒ. ആർ. കേളുവിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു .

ഹാജരായ അംഗങ്ങൾ :

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. യു. ആർ. പ്രദീപ്
3. ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ഡോ. അദീല അബ്ദുള്ള, ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
3. ശ്രീമതി രാധിക പി. ബി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ഡോ. അരുൺ എസ്. നായർ, ഐ.എ.എസ്., ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
5. ശ്രീമതി റഹാന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. സൺദേവ് എൻ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
7. ശ്രീ. സുദൻ ഡബ്ല്യു. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

സമിതി, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ (ബിൽ നം.236) പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

<u>2-ാം ഖണ്ഡം</u>

ഇനം (എച്ച്)-നെ ഇനം (ഐ) ആയി പുനരക്കം ചെയ്യാനും ഇനം (ജി)-ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കാനും തീരുമാനിച്ചു.

"(എച്ച്) "വൃദ്ധസദനം" എന്നാൽ വയോജനങ്ങളെ പാർപ്പിക്കുന്നതോ സംരക്ഷിക്കുന്നതോ ആയ ഏതൊരു സ്ഥാപനവും എന്നർത്ഥമാകുന്നു;"

<u>3-ാം ഖണ്ഡം</u>

(2)-ാം ഉപഖണ്ഡത്തിലെ "മൂന്നിൽ" എന്ന വാക്കിന് പകരം "നാലിൽ" എന്ന വാക്ക് ചേർക്കാൻ തീരുമാനിച്ചു.

<u>9-ാം ഖണ്ഡം</u>

(2)-ാം ഉപഖണ്ഡത്തിലെ (സി) ഇനത്തിൽ "അനാഥരാക്കപ്പെടുകയോ" എന്നത് "അനാഥരാകപ്പെടുകയോ" എന്ന് ഭേദഗതി ചെയ്യാനും (2)-ാം ഉപഖണ്ഡത്തിലെ (ജി) ഇനത്തിൽ "വയോജനങ്ങളുടെ" എന്ന വാക്കിന് മുൻപായി "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നീ വാക്കുകൾ ചേർക്കാനും തീരുമാനിച്ചു.

12-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡത്തിൽ "നൽക്കേണ്ട" എന്നത് "നൽകേണ്ട" എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

വയോജനക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി കൊണ്ടുവരുന്ന കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും സെക്ഷൻ 9-ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നിരിക്കെ സെക്ഷൻ 9-ൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പരിഹാരമാർഗങ്ങൾ ശിപാർശ ചെയ്യുക എന്നതല്ലാതെ മറ്റൊന്നും വ്യക്തമാക്കിയിട്ടില്ലായെന്നും വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുക, സർക്കാരിന് ഉപദേശം നൽകുക, പരിഹാരമാർഗങ്ങൾ ശിപാർശ ചെയ്യുക എന്നതല്ലാതെ എന്തെങ്കിലുമൊരു എക്സിക്യൂട്ടീവ് പവർ കേരള സംസ്ഥാന വയോജന കമ്മീഷനുള്ളതായി കാണുന്നില്ല എന്നും Maintenance and Welfare of Parents and Senior Citizens Act 2007-ൽ വയോജനങ്ങളെ സംരക്ഷിക്കാനുള്ള ഒരുപാട് അധികാരങ്ങളുണ്ട്, എന്നാൽ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിൽ അത്തരത്തിലുള്ള യാതൊരു അധികാരവുമില്ല എന്നും കേന്ദ്ര നിയമത്തിൽ ഓരോ വകുപ്പിലും എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നും അപേക്ഷ നൽകുന്നതിനെക്കുറിച്ചും വൃദ്ധസദനം നിർമ്മിക്കുന്നതിനെക്കുറിച്ചുമൊക്കെ വിശദമായി പറയുന്നുണ്ടെങ്കിലും കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിൽ അതിനെക്കുറിച്ച് പറയുന്നില്ലെന്നും നിലവിലുള്ള കേന്ദ്ര നിയമം ഉപയോഗിച്ച് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളല്ലാതെ മറ്റൊരു അധികാരവും ഇതിലില്ലെന്നും കേന്ദ്രനിയമവും സംസ്ഥാന നിയമവും തമ്മിൽ വൈരുദ്ധ്യമുണ്ടായാൽ കേന്ദ്ര നിയമം നിലനിൽക്കുമെന്നാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 254 വ്യക്തമാക്കുന്നതെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിൽ പല വകുപ്പുകളും സമാന്തരമായി ചെയ്യുന്ന കാര്യങ്ങൾ ഏകോപിപ്പിക്കുക എന്നത് കമ്മീഷന്റെ ചുമതലയാണെന്നും, Maintenance and Welfare of Parents and Senior Citizens Act, 2007 അനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് അതിൽ ഇടപെടാനും സാധിക്കുമെന്നും നിലവിൽ 27 റവന്യൂ ഡിവിഷനുകളിലും Maintenance Tribunals പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയ്ക്ക് bureaucratic സംവിധാനത്തിന്റെ പരിമിതികളുള്ളതിനാൽ അതിക്രമങ്ങൾ നേരിടുന്ന വയോജനങ്ങൾ പരാതി നൽകിയാൽ മാത്രമേ പരിശോധിക്കാൻ സാധിക്കൂ എന്നും എന്നാൽ അത്തരം വയോജനങ്ങൾക്ക് പരാതി തയ്യാറാക്കാനോ പ്രസ്തുത സംവിധാനങ്ങളിലേക്ക് എത്തിപ്പെടാനോ ഉള്ള സാഹചര്യമുണ്ടാകില്ല എന്നും നമ്മുടെ സമൂഹത്തിൽ ഏറ്റവും അധികം ദുരിതം അനുഭവിക്കുന്ന വയോജനങ്ങളുടെ സുരക്ഷയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ കുറവ് സംഭവിക്കുന്നുണ്ടെന്നും സമൂഹത്തിന്റെ മൂല്യങ്ങളിൽ വന്ന മാറ്റവും അവരുടെ ജീവിതത്തെ വലിയ രീതിയിൽ ബാധിക്കുന്നുണ്ടെന്നും

വയോജനങ്ങൾക്കെതിരായിട്ടുള്ള അതിക്രമങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സന്ദർഭങ്ങളിൽ അവരുടെ സമീപത്തെത്തി ആവശ്യമായ സംരക്ഷണം ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഈ കമ്മീഷന് ചുമതലയുണ്ടെന്നും അനാഥരാകപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന വയോജനങ്ങളെ സുരക്ഷിതകേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്ന പദ്ധതികൾ സംബന്ധിച്ച നിർദേശങ്ങൾ നൽകുക, സമാന്തരമായിചെയ്യുന്ന കാര്യങ്ങൾ ഏകോപിപ്പിക്കുക എന്നിവയും ടി കമ്മീഷന്റെ ചുമതലയാണെന്നും കൂടാതെ, വയോജനങ്ങളുടെ അവകാശം, സംരക്ഷണം, ക്ഷേമം എന്നിവ സംബന്ധിച്ച വ്യവസ്ഥകളുടെ ലംഘനമുണ്ടാകുമ്പോൾ പ്രാഥമിക അന്വേഷണം നടത്തി അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും തുടർനടപടികൾ ഉറപ്പാക്കാനും നിയമസഹായ അതോറിറ്റികളുടെ സേവനം ലഭ്യമാക്കാനുമൊക്കെ കമ്മീഷന് സാധിക്കുമെന്നും വയോജനങ്ങൾ തടവിലാക്കപ്പെടുന്ന ജയിലുകൾ, ലോക്കപ്പുകൾ, കസ്റ്റഡിയുമായി ബന്ധപ്പെട്ട മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തി അവർക്ക് വേണ്ട പിന്തുണ ഉറപ്പാക്കാനും സർവെ നടത്തി സമൂഹത്തിൽ അവരുടെ സ്റ്റാറ്റസ് സംബന്ധിച്ച ഡാറ്റകൾ സമാഹരിക്കാനും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടാത്ത പദ്ധതികൾ ശ്രദ്ധയിൽപ്പെടുത്താനും ഒപ്പം സ്വന്തം നിലയിൽതന്നെ പദ്ധതികൾ രൂപീകരിച്ച് നടപ്പിൽ വരുത്താനും കമ്മീഷന് സാധിക്കുമെന്നും അനുഭവ സമ്പത്തും ജീവിതപരിചയവും ഉള്ള വയോജനങ്ങളുടെ സേവനം സമൂഹത്തിന് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും എന്നത് പരിശോധിച്ച് നടപ്പാക്കുന്നതിനും ഈ ബില്ലിൽ വ്യവസ്ഥയുണ്ടെന്നും ആവശ്യഘട്ടങ്ങളിൽ പുനരധിവാസം സാധ്യമാക്കുക, ആവശ്യമുള്ളപക്ഷം നിയമസഹായം ലഭ്യമാക്കുക എന്നിവ കമ്മീഷന്റെ ചുമതലകളാണെന്നും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും കമ്മീഷന് സാധിക്കുമെന്നും വയോജനങ്ങളുടെ ഡാറ്റാബാങ്കുണ്ടാക്കി സാമൂഹ്യ പുനർനിർമ്മാണ പ്രക്രിയയ്ക്ക് അവരുടെ ജീവിത പരിചയവും അനുഭവ സമ്പത്തും പ്രയോജനപ്പെടുത്താൻ സാധിക്കുന്ന നല്ലൊരു നെറ്റ്‌വർക്കായി ഈ കമ്മീഷന് പ്രവർത്തിക്കാൻ സാധിക്കുമെന്നും കേന്ദ്രനിയമത്തിന് വിരുദ്ധമായുള്ള യാതൊന്നും ഈ ബില്ലിലില്ലെന്നും സാമൂഹ്യനീതി വകുപ്പുമന്ത്രി കൂടിയായ, സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗം വിശദീകരിച്ചു.

ധനാഭ്യർഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് സമിതിയുടെ അടുത്ത യോഗങ്ങൾ 2025 ഫെബ്രുവരി 18, 21, 27 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30 മണിക്ക് പിരിഞ്ഞു.

## സബ്ജക്ട് കമ്മിറ്റി XIII(സാമൂഹ്യ സേവനം)

## 18-2-2025-ലെ യോഗ നടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ഒരു യോഗം, 2025 ഫെബ്രുവരി മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളന ഹാളിൽ ബഹു.സമിതി ചെയർപേഴ്സണും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. ഒ. ആർ. കേളുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. കെ. ആൻസലൻ
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീമതി ശാന്തകുമാരി കെ.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. ചാണ്ടി ഉമ്മൻ
2. ശ്രീ. യു. ആർ. പ്രദീപ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. പുനീത് കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി & പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായ വികസന വകുപ്പ്

2. ഡോ. രേണു രാജ്, ഡയറക്ടർ, പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗ വികസന വകുപ്പ്

3. ശ്രീമതി ശ്രീജ പി. എസ്., അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

4. ശ്രീ. അനിൽ പി. ആന്റണി, അഡീഷണൽ സെക്രട്ടറി & രജിസ്ട്രാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

5. ശ്രീമതി സൂസൻ ഗോപി, രജിസ്ട്രാർ & അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ

6. ശ്രീ. സന്തോഷ് കുമാർ ആർ., ഫിനാൻസ് ഓഫീസർ, പട്ടികവർഗ്ഗ വികസന വകുപ്പ്

7. ശ്രീമതി വത്സല എസ്. ഡി., ജോയിന്റ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്

8. ശ്രീ. ഷാനവാസ് ഖാൻ ഇ., ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

9. ശ്രീ. വിജു കുമാർ വി., ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

10. ശ്രീ. ശ്രീകുമാർ എസ്. കുറുപ്പ്, ഫിനാൻസ് ഓഫീസർ, കിർത്താഡ്സ്

11. ഡോ. എസ്. ബിന്ദു, ഡയറക്ടർ, കിർത്താഡ്സ്

12. ശ്രീ. വി. സജീവ്, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

13. ശ്രീ. ശ്രീരാജ് എസ്. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീ. പത്മരാജൻ വി. പി., അണ്ടർ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്

15. ശ്രീമതി സാഗിനാ ജി. എസ്., അണ്ടർ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

16. ശ്രീമതി സിന്ധു പരമേശ്, ജോയിന്റ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

17. ശ്രീമതി അഞ്ജന എം., മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

18. ശ്രീ. ബാബുരാജ് ബി., മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

19. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

20. ശ്രീ. ബിപിൻദാസ് വൈ., ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

21. ശ്രീ. മനോജ് കെ. ജി., അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

22. ശ്രീ. സുധീർ എസ്. എസ്., അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

23. ശ്രീ. സജിമോൻ എസ്., അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

സമിതി, 2025-26 സാമ്പത്തിക വർഷത്തെ പട്ടികജാതി പട്ടികവർഗ/പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽനിന്നും അധിക തുക ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമാക്കിയ കുറിപ്പുകൾ പരിഗണിയ്ക്കുകയും താഴെപറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

പട്ടികജാതി വികസന വകുപ്പ്

2225-01-277-53-12—പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് അധിക സംസ്ഥാന സഹായം സ്റ്റൈപ്പന്റുകളും സ്കോളർഷിപ്പുകളും

2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പൂർണ്ണമായും സംസ്ഥാന ബഡ്ജറ്റിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ ഇനങ്ങൾ ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ നിർവഹണ ചെലവുകൾ

3. പാലക്കാട് മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തന സജ്ജമാവുകയും 500 ബെഡ് IP ആരംഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളം, സ്റ്റൈപ്പന്റ്, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നിവയ്ക്കായി 2025-26 സാമ്പത്തിക വർഷം യഥാക്രമം 46 കോടി, 8 കോടി, 10 ലക്ഷം രൂപ വീതം ആവശ്യമായി വരുന്നതിനാൽ, ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ

4. ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി പ്രതിവർഷം 60,000 വിദ്യാർത്ഥികൾ അപേക്ഷിക്കാറുണ്ട്. ഇവരുടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമാണെങ്കിലും എല്ലാ വർഷവും ഈ ഇനത്തിൽ 16 കോടി രൂപ മാത്രമാണ് ബജറ്റിൽ വകയിരുത്തുന്നത് എന്ന് സമിതി മനസിലാക്കുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർത്ത് ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 41 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-282-96—ആരോഗ്യ സംരക്ഷണ പദ്ധതി-മറ്റ് ചെലവുകൾ-മറ്റിനം

5. ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള സഹായം, ചികിത്സാ ധനസഹായം, ഇതര ആരോഗ്യ സുരക്ഷാ ധനസഹായങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-190-94—പട്ടികജാതിക്കാർക്കുള്ള കുടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനുള്ള ധനസഹായം

6. പ്രസ്തുത ശീർഷകത്തിൽ തുക ഒന്നും വകയിരുത്തിയിട്ടില്ലാത്തതെന്താണെന്നും പട്ടികജാതി വിഭാഗക്കാർ 10 വർഷം മുമ്പ് സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളണമെന്ന് ആവശ്യപ്പെടുന്നുണ്ടെന്നും 2010 മാർച്ച് 31 വരെയുള്ള എല്ലാ വായ്പകളും എഴുതിതള്ളിയിട്ടുണ്ടോ എന്നും ഇതിനായി അപേക്ഷകൾ പെൻഡിംഗ് ഉണ്ടോയെന്നും സമിതി ആരാഞ്ഞതിന് 2010 മാർച്ച് 31 വരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് ഉത്തരവ് നിലവിലുണ്ടെന്നും പ്രസ്തുത കാലയളവിലെ എല്ലാ വായ്പകളും എഴുതി തള്ളിയിട്ടുണ്ടോയെന്ന വിവരം പരിശോധിച്ച് അറിയിക്കുന്നതാണെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

7. ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം എന്ന പേരിൽ രണ്ട് ശീർഷകങ്ങളിലായി തുക വകയിരുത്തിയതിന്റെ കാരണം സമിതി ആരാഞ്ഞതിന്, 4225-01-800-87 എന്ന ശീർഷകത്തിലെ പദ്ധതി വിഹിതം കോർപ്പസ് ഫണ്ടിന് കീഴിൽ പട്ടികജാതി നഗറുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായാണ് ഉപയോഗിക്കുന്നത് എന്നും, 2225-01-800-57 എന്ന ശീർഷകത്തിൽ അടിസ്ഥാന സൗകര്യ വികസനം, വിജ്ഞാൻ വാടികളുടെ തുടർചെലവുകൾ ശ്മശാന നവീകരണം, കഴിഞ്ഞ കാലങ്ങളിൽ അനുമതി നൽകിയതും നിലവിൽ തുടരുന്നതുമായ പദ്ധതികൾക്കുള്ള ബാക്കി തുക എന്നിവയ്ക്കായി പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ടിലേക്ക് തുക വകയിരുത്തുകയാണ് ചെയ്യുന്നതെന്നും പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

8. 82225-01-102-84 എന്ന ശീർഷകത്തിലുള്ള പട്ടികജാതി യുവജനങ്ങൾക്കുള്ള ശാക്തീകരണ സൊസൈറ്റികൾ എന്ന ഇനത്തിൽ മുൻ വർഷം തുകയൊന്നും ചെലവഴിക്കാത്തതിന്റെ കാരണമെന്താണെന്ന സമിതി ചോദ്യത്തിന്, ഉന്നതി കേരള എംപവർമെന്റ് സൊസൈറ്റിയുടെ കീഴിലുള്ള പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം നടത്താൻ സാധിച്ചിട്ടില്ലായെന്ന് പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

9. 2225-01-283-89 എന്ന ശീർഷകത്തിൽ ഭാഗികമായി നിർമ്മിച്ച വീടുകളുടെ നിർമ്മാണം, ജീർണ്ണിച്ച വീടുകളുടെ നവീകരണം, പഠനമുറി നിർമ്മാണം എന്നിവയ്ക്കായി കഴിഞ്ഞ വർഷം 50 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും 22,78,85,000 രൂപയാണ് ചെലവഴിച്ചതെന്നും അപേക്ഷകൾ നിരവധിയുള്ള ടി പദ്ധതിയിൽ അനുവദിച്ച ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാത്തത് എന്തുകൊണ്ടാണെന്നുമുള്ള ചോദ്യത്തിന് മറുപടിയായി ധനകാര്യ വകുപ്പിൽനിന്നും ലഭിച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടുണ്ടെന്നും ബജറ്റ് വിഹിതം മുഴുവനും ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നും സാമ്പത്തിക ബുദ്ധിമുട്ട് കാരണം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സമിതി ഈ സാമ്പത്തിക വർഷത്തെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിച്ച് ബജറ്റ് വിഹിതം 50 ശതമാനം വരെ വെട്ടിക്കുറച്ചിട്ടുണ്ടെന്നും നിലവിൽ പട്ടികജാതി പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് പദ്ധതികൾക്ക് ബജറ്റ് വിഹിതത്തിന്റെ 50 ശതമാനത്തിലധികം തുക അനുവദിച്ചിട്ടുണ്ടെങ്കിലും ഫണ്ട് റിലീസ് ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും വളരെ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾക്ക് 62-63% വരെ തുക നൽകുന്നുണ്ടെന്നും അതിലും കൂടുതൽ നൽകാൻ കഴിയില്ലെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി.

10. പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടില്ലായെന്നും ധനകാര്യ വകുപ്പിൽനിന്നും ലഭിക്കുന്ന ഫണ്ട് ചെലവഴിക്കുന്നുണ്ടെന്നും സ്കോളർഷിപ്പ്, ഹോസ്റ്റലുകളുടെ നടത്തിപ്പ്, ഭക്ഷണം തുടങ്ങി വളരെ പ്രാധാന്യമർഹിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകി ആദ്യം ഫണ്ട് നൽകുമെന്നും മറ്റുള്ള പദ്ധതികൾക്ക് തുക ലഭ്യമാക്കാൻ കാലതാമസമുണ്ടാകുമെന്നും സമിതി ചെയർമാൻ വിശദമാക്കി.

11. 4225-01-283-81 എന്ന ശീർഷകത്തിൽ ഡോ.അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ കഴിഞ്ഞ വർഷം ബജറ്റ് വിഹിതമോ ചെലവായ തുകയോ ഇല്ലാത്തതിന് കാരണമെന്താണെന്ന സമിതി ചോദ്യത്തിന് അത് പുതിയ ശീർഷകമാണെന്ന് പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

12. 2225-01-282-98 എന്ന ശീർഷകത്തിൽ ഗുരുതരമായ രോഗങ്ങൾ ബാധിച്ച പട്ടികജാതിക്കാർക്കുള്ള ധനസഹായം എന്ന പദ്ധതിയിൽ മുൻ വർഷത്തെ ബജറ്റ് വിഹിതം 14 കോടിയും ചെലവായ തുക 78,91,000 രൂപയുമാണെന്നും ചൂണ്ടിക്കാണിച്ച സമിതി ഇത്തരം പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു. പദ്ധതിയിൽ അപേക്ഷകൾ പെന്റിങ്ങുണ്ടോയെന്ന സമിതി ചോദ്യത്തിന് അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

13. ഈ സാമ്പത്തിക വർഷം തന്നെ തുക പൂർണ്ണമായും ചെലവഴിക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

14. 6225-01-800-99, 6225-01-800-97 എന്നീ ശീർഷകങ്ങളിൽ തുക വകയിരുത്താത്തത് എന്തുകൊണ്ടാണെന്ന സമിതി ചോദ്യത്തിന് മറുപടിയായി ടി പദ്ധതികൾ ട്രെയിനിങ് ആൻഡ് എംപ്ലോയ്മെന്റ് എന്ന പേരിലുള്ള പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

## പട്ടികവർഗ്ഗ വികസന വകുപ്പ്

### 2225-02-001-97—പട്ടികവർഗ്ഗ പദ്ധതിയുടെ കീഴിൽ വരുന്ന പരിപാടികൾ മോണിറ്റർ ചെയ്യുന്നതിന് ഭരണം ശക്തിപ്പെടുത്തൽ

15. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച ചെലവുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ ചെലവുകൾ, ഓഫീസിന്റെ ചെലവുകൾ, ഓഫീസ് ഉപകരണങ്ങൾ, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, ഇന്റർനെറ്റ് തുടങ്ങിയ ആവശ്യങ്ങൾക്കായി എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 2225-02-102-94—പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

16. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് 1 ലക്ഷം രൂപയും അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1.5 ലക്ഷം രൂപയും വിവാഹ ധനസഹായം നൽകിവരുന്ന ഈ പദ്ധതിയിൽ അപേക്ഷകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 2225-02-102-72-34-3—കേരള ട്രൈബൽ പ്ലസ് (MGNREGS)പദ്ധതിക്ക് കീഴിൽ അധിക തൊഴിലും വേതനവും

17. പട്ടികവർഗ്ഗക്കാർക്ക് അധിക തൊഴിൽ നൽകുന്നതിനായി MGNREGS പദ്ധതിക്ക് കീഴിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളതിനാലും തൊഴിലുറപ്പിന്റെ പ്രതിദിന വേതനം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനാലും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി

രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-102-65—പട്ടികവർഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങളിലെ ഗുരുതരമായ വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്

18. അംബേദ്കർ സെറ്റിൽമെന്റ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും സഹായം ആവശ്യമുള്ളതുമായ ഉന്നതികളിൽ അടിസ്ഥാന സൗകര്യം, സമഗ്ര വികസനം, ക്ഷേമം എന്നിവ ലക്ഷ്യമിട്ടുള്ള പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

19. റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് ആയി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ മിശ്രവിവാഹ ധനസഹായത്തിനായി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ, ജില്ലാ ഓഫീസുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2225-02-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും.

20. സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപെന്റും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. അതിനാൽ ഈ ശീർഷകത്തിൽ 1.675 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-277-98—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകൾ

21. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷന് ശേഷമുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ബോർഡിംഗ് എന്നിവയ്ക്കുള്ള ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3.7 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-277-94-34-3—ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റ് ചെലവുകൾ-മറ്റിനം

22. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ 5518 വിദ്യാർത്ഥികളുടെ ഡയറ്ററി ചാർജ്ജ് ഇനത്തിൽ 16.55 കോടി രൂപയും യൂണിഫോം, പഠനോപകരണങ്ങൾ എന്നിവക്കായി 1.65 കോടി രൂപയും ഉൾപ്പെടെ ആകെ 18.62 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-277-29-02-12—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (75% സി.എസ്.എസ്. വിഹിതം) സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

23. 2.5 ലക്ഷം രൂപയിൽ കൂടുതൽ വരുമാനപരിധിയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന വിഹിതത്തിൽ നിന്നും ഒറ്റത്തവണ തുക അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-277-25—വിദേശത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ

24. ഇതര സംസ്ഥാനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-277-23—വിദ്യാവാഹിനി

25. ഒറ്റപ്പെട്ട പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്ന ഈ പദ്ധതിക്കായി ഒരു മാസം ഏകദേശം 3 കോടി രൂപ ആവശ്യമായി വരുന്നതിനാലും മുൻ വർഷത്തെ കുടിശ്ശിക തീർക്കുവാനുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-282-91—പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ രക്ഷ

26. പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യവികസനത്തിനും പരിപാലനത്തിനുമുള്ള പദ്ധതിയിൽ ചികിത്സാ ധനസഹായം, ഏകവരുമാനദായകന്റെ മരണത്തെ തുടർന്നുള്ള

ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ വർദ്ധിച്ചു വരുന്നതിനാലും ആശുപത്രികൾ വഴി നൽകുന്ന സമഗ്ര ആരോഗ്യ സുരക്ഷപദ്ധതിയിൽ കുടിശ്ശികയുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-794-99—<u>പട്ടികവർഗ്ഗ വികസനം ഭരണം -വാടക, കരം, നികുതി</u>

27. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നെടുമങ്ങാട്, ഇടുക്കി, കൽപ്പറ്റ, നിലമ്പൂർ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർമാരുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക നികുതി ഇനത്തിൽ കുടിശ്ശികയുള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2225-02-800-92—<u>ട്രൈബൽ ബോർഡിലെ അംഗങ്ങൾക്കുള്ള യാത്രാചെലവ്</u>

28. പട്ടികവർഗ്ഗ ഉപദേശക സമിതി അംഗങ്ങളുടെ യാത്രാചെലവ് അനുവദിക്കുന്നതിനായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-102-75—<u>ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിനാൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

29. ആർട്ടിക്കിൾ 275(1) പ്രകാരം കേന്ദ്ര കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് 7.6838 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും പദ്ധതികൾ നടപ്പാക്കുന്നതിന് തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്നും സമിതി ചോദ്യത്തിന് മറുപടിയായി വകുപ്പുദ്യോഗസ്ഥൻ വിശദമാക്കി.

2225-02-277-40-01—<u>അതിസമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസെന്റീവ്</u>

30. പ്രസ്തുത ശീർഷകത്തിൽ മുൻവർഷത്തെ ബജറ്റ് വിഹിതം 1.15 കോടി രൂപയാണെങ്കിലും 55.63 ലക്ഷം രൂപ മാത്രമാണ് മുൻ വർഷം ചെലവഴിച്ചതെന്നും ആയതിന്റെ കാരണം എന്താണെന്നുള്ള സമിതി ചോദ്യത്തിന് മറുപടിയായി എസ്.എസ്.എൽ.സി., പ്ലസ്ടു, ബിരുദം, ബിരുദാനന്തരബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹന തുക നൽകുന്നുണ്ടെന്നും

പ്രസ്തുത ശീർഷകത്തിൽ മുൻവർഷം 1.15 കോടി രൂപ വകയിരുത്തിയതിൽ സീലിങ് മാറി ലഭിച്ച 64 ലക്ഷം രൂപയിൽ 55.63 ലക്ഷം രൂപയും വിതരണം ചെയ്തുകഴിഞ്ഞു എന്നും പട്ടികവർഗ വികസനം & പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

2225-02-277-40-06—വിദ്യാർഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം

31. പ്രസ്തുത ശീർഷകത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള ലാപ്ടോപ് വിതരണപദ്ധതിയിൽ മുൻവർഷം തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ലെന്നും നല്ല രീതിയിൽ പ്രചാരണം ലഭിച്ച ടി പദ്ധതി പ്രവർത്തനങ്ങൾ ഇത്തരത്തിൽ മുടങ്ങുന്നതിന്റെ കാരണമെന്താണെന്നുമുള്ള സമിതി ചോദ്യത്തിന് മറുപടിയായി മുൻവർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വകുപ്പ് നേരിട്ട് ലാപ്ടോപ് വാങ്ങി നൽകുകയാണ് ചെയ്തിരുന്നതെന്നും എന്നാൽ കോഴ്സുകൾക്കനുസരിച്ച് വ്യത്യസ്ത specifications ഉള്ള ലാപ്ടോപുകൾ ആവശ്യമുള്ളതിനാലും ഇതുസംബന്ധിച്ച് നിരവധി പരാതികൾ വന്നതിനാലും കഴിഞ്ഞ വർഷം ലാപ്ടോപ് വിതരണം നടത്താൻ സാധിച്ചില്ലെന്നും ആയതിനാൽ ഇത്തവണ ലാപ്ടോപ് വാങ്ങി നൽകുന്നതിന് പകരം ഒരു ലാപ്ടോപിന് 30,000 രൂപ എന്ന നിരക്ക് നിശ്ചയിച്ച് വൗച്ചർ ആക്കി E-Rupee സംവിധാനത്തിലൂടെ നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ ലഭിച്ച അപേക്ഷകൾ സെലക്ട് ചെയ്ത് തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും കുട്ടികൾക്ക് ബാങ്കിൽനിന്നും ലഭിക്കുന്ന വൗച്ചർ ഉപയോഗിച്ച് അവരുടെ താൽപര്യമനുസരിച്ച് ലാപ്ടോപ് വാങ്ങുന്നതിനുള്ള സംവിധാനം പൂർത്തിയായിട്ടുള്ളതായും അതുവഴി ഈ മാസംതന്നെ എല്ലാവർക്കും ലാപ്ടോപ് വാങ്ങാൻ സാധിക്കുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് 400 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും 2023-24 സാമ്പത്തിക വർഷം വരെയുള്ളവ വിതരണം ചെയ്തിട്ടുണ്ടെന്നും പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

2225-02-800-68-10—അതിക്രമം തടയൽ നിയമം(പ്ലാൻ)

2225-02-800-68-02—അതിക്രമം തടയൽ നിയമം (നോൺ പ്ലാൻ)

32. അതിക്രമം തടയൽ നിയമം എന്ന ശീർഷകത്തിൽ രണ്ട് ശീർഷകങ്ങളിലായി തുക വകയിരുത്തിയിരിക്കുന്നത് എന്തുകൊണ്ട് എന്ന സമിതി ചോദ്യത്തിന് 01-ൽ അവസാനിക്കുന്നത് കേന്ദ്ര ശീർഷകവും 02-ൽ അവസാനിക്കുന്നത് സംസ്ഥാന ശീർഷകവുമാണെന്ന് പട്ടിക വർഗ്ഗ വികസന വകുപ്പുദ്യോഗസ്ഥൻ വ്യക്തമാക്കി.

4225-02-283-98—ഭവന നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം

33. 4225-02-283-98 എന്ന ശീർഷകത്തിൽ ഭവന നിർമ്മാണം, അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം എന്ന പദ്ധതിയിൽ മുൻവർഷം തുക വകയിരുത്താത്തത് എന്തുകൊണ്ടാണെന്ന സമിതി ചോദ്യത്തിന് മറുപടിയായി ഇത് പുതിയ ശീർഷകമാണെന്നും പ്രസ്തുത പദ്ധതിക്ക് മുൻവർഷങ്ങളിൽ SAFE (Secure Accommodation and Facility Enhancement) എന്ന ഹെഡിൽ ഉൾപ്പെടുത്തിയാണ് തുക നൽകിക്കൊണ്ടിരുന്നതെന്നും പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വിശദമാക്കി.

കിർത്താഡ്സ്

2225-02-800-56—ആദികലാഗ്രാമം

34. 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് 94 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ ആവശ്യമായിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-001-95—കിർത്താഡ്സ് - ഗവേഷണവും പരിശീലനവും

35. 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ 1.3548 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആതിനാൽ ഈ ശീർഷകത്തിൽ 45.48 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-001-99-04-1—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - യാത്രാ ചെലവുകൾ-യാത്രാബത്ത

36. പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ ഉന്നമനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക ഗവേഷണങ്ങൾ നടത്തുക എന്നിവയും, ജാതി നിർണ്ണയത്തിന്റെ ഭാഗമായി വിവിധ താലൂക്കുകളിൽ നിന്നും പട്ടികജാതി-പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി കേസുകളുടെയും സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കു വേണ്ട അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതും ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായതിനാൽ പ്രസ്തുത കാര്യങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 9.7826 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-001-99-05-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

37. കിർത്താഡ്സിന് നിലവിൽ ഒരു വർഷത്തേയ്ക്ക് വൈദ്യുതി ചെലവ് ഇനത്തിൽ ഏകദേശം 5,27,000 രൂപ ആവശ്യമുള്ളതിൽ 2.22 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ഈ ശീർഷകത്തിൽ 3.28 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

38. വകുപ്പിന് നിലവിലുള്ള ടെലിഫോൺ കണക്ഷനുകൾക്ക് ഒരു വർഷത്തേയ്ക്ക് 55,000 രൂപയും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷന് ഒരു വർഷത്തേയ്ക്ക് 55,000 രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 56,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

39. കിർത്താഡ്സിന്റെ ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.31 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഔദ്യോഗിക ഭാഷാ പ്രയോഗം

40. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി 2025-26 സാമ്പത്തിക വർഷത്തിൽ ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് സമിതി മനസിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 49,000

രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവര സാങ്കേതിക വിദ്യ

41. 60 സ്ഥിരം ഉദ്യോഗസ്ഥരുള്ളതും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമായ കിർത്താഡ്സ് വകുപ്പിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനും ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ഈ ശീർഷകത്തിൽ 1.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻസമിതി തീരുമാനിച്ചു.

42. അപ്രന്റീസ്ഷിപ്പ് ആക്ട് 1961-ന്റെ അടിസ്ഥാനത്തിൽ 30-4-2024-ലെ സർക്കാർ ഉത്തരവ് പ്രകാരം കിർത്താഡ്സിൽ 5 അപ്രന്റീസ്ഷിപ്പ് നിയമനം നടത്തിയിട്ടുള്ളതും അവർക്ക് പ്രതിമാസം 7,000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കേണ്ടതുമുള്ളതായി സമിതി മനസ്സിലാക്കുന്നു. നിലവിൽ ഈ വകുപ്പിന്റെ 2225-02-001-95-കിർത്താഡ്സ്-ഗവേഷണവും പരിശീലനവും എന്ന ശീർഷകത്തിൽ നിന്നും സ്റ്റൈപ്പന്റ് തുക വഹിക്കുന്നതിനായാണ് അനുമതി ലഭിച്ചിട്ടുള്ളതെങ്കിലും പ്രസ്തുത ശീർഷകത്തിലുള്ള തുക വകുപ്പിന്റെ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായതിനാൽ സ്റ്റൈപ്പന്റ് നൽകുന്നതിനുവേണ്ടി 2225-80-001-99 എന്ന ശീർഷകത്തിൽ (93) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 4.2 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

43. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് കിർത്താഡ്സിൽ വർക്ക് സ്റ്റഡി നടത്തി രണ്ട് സ്ഥിരം ക്ലറിക്കൽ തസ്തികകൾ അനുവദിച്ചിരുന്നുവെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം പ്രസ്തുത തസ്തികകൾക്ക് സർക്കാർ തലത്തിൽ അംഗീകാരം ലഭിച്ചിരുന്നില്ലെന്നും അതിനാൽ K-Disc മുഖേന വകുപ്പിൽ 2 ക്ലറിക്കൽ അസിസ്റ്റന്റ് നിയമനം നടത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. അവർക്ക് പ്രതിമാസം 10,000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിനായി 2225-80-001-99 എന്ന ശീർഷകത്തിൻ കീഴിൽ (12) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 2.4 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

44. അഞ്ച് വാഹനങ്ങൾ ഉപയോഗിച്ചിരുന്ന കിർത്താഡ്സിൽ നിലവിൽ ഒരു വാഹനംപോലും ഇല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാലും കേരളത്തിലുടനീളമുള്ള വകുപ്പിന്റെ പ്രവർത്തനം നടപ്പിലാക്കുന്നതിന് വാഹനം അത്യന്താപേക്ഷിതമായതിനാലും Anert മുഖേന 2 ഇലക്ട്രിക് വാഹനങ്ങൾ വാടക നിരക്കിൽ സജ്ജീകരിക്കുന്നതിനായി 2225-80-001-99 എന്ന ശീർഷകത്തിന് കീഴിൽ (97) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. .

45. അഞ്ച് വാഹനങ്ങൾ ഉപയോഗിച്ചിരുന്ന കിർത്താഡ്സിൽ നിലവിൽ ഒരു വാഹനംപോലും ഇല്ലാത്തതിനാലും വകുപ്പിലെ സ്ഥിരം ഉദ്യോഗസ്ഥരും താല്ക്കാലിക ഉദ്യോഗസ്ഥരും വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉൾനാടൻ ഉന്നതികളിലും ഹൈറേഞ്ച് മേഖലകളിലും ഉൾപ്പെടെ ഫീൽഡ് തല യാത്ര പോകേണ്ടതിനാലും ഇത്തരത്തിലുള്ള യാത്രകൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാലും 2025-26 വർഷം രണ്ട് ഡീസൽ എഞ്ചിൻ വാഹനങ്ങൾ വാങ്ങുന്നതിനായി 2225-80-001-99-21 എന്ന ശീർഷകത്തിൻ കീഴിൽ (1) എന്ന ഡീറ്റയിൽഡ് ഹെഡ് ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ സഹായധനം-ശമ്പളം

46. കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 3.6647 കോടി രൂപയാണ് 2025-26 സാമ്പത്തിക വർഷത്തെ ചെലവായി കണക്കാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3383 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-800-96-36—കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ - സഹായധനം - ശമ്പളേതരം

47. സാധാരണ ചെലവുകൾക്ക് പുറമേ കമ്മീഷനിലെ കാലഹരണപ്പെട്ട രണ്ട് വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങേണ്ടതിനാൽ ഈ ശീർഷകത്തിൽ 93.4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

<u>പിന്നാക്ക വിഭാഗ വികസന വകുപ്പ്</u>

2225-03-102-94

4225-03-102-99—<u>കുംഭാര കോളനികളുടെ വികസനം</u>

48. സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം തൊഴിൽ നവീകരണം എന്നിവയ്ക്കായുള്ള ഈ പദ്ധതിയിലൂടെ 2025-26 സാമ്പത്തിക വർഷം പരമാവധി 4 കോടി രൂപ ചെലവഴിച്ച് കുറഞ്ഞത് 6 കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ മേൽപറഞ്ഞ രണ്ട് ശീർഷകങ്ങളിലും കൂടി 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-277-99-12—<u>മെട്രിക്കുലേഷന ശേഷമുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

49. മേൽ ശീർഷകത്തിൽ 40 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും 2024-25 വർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങളും മുൻ വർഷത്തെ കുടിശ്ശികയും വിതരണം ചെയ്യുന്നതിന് 500 കോടി രൂപ ആവശ്യമാണെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശിർഷകത്തിൽ 400 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-800-81—<u>ഒ.ബി.സി.-യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

50. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് 1 ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി 12,000 രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന ഈ ശീർഷകത്തിൽ 12 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും മുൻവർഷങ്ങളിലെ കുടിശ്ശിക നൽകേണ്ടതിനാലും 2025-26 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരമുള്ള അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിക്കുവാനിടയുള്ളതിനാലും ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4225-03-190-99—<u>പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടികജാതിയിലേക്ക് ശിപാർശ ചെയ്യപ്പെട്ടവർക്കു മായുള്ള സംസ്ഥാന വികസന കോർപ്പേറേഷൻ</u>

51. കോർപ്പറേഷൻ 2025-26 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ലക്ഷ്യ ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമ/സാമൂഹ്യ വികസന പദ്ധതികളും വായ്പാ പദ്ധതികളും നടപ്പിലാക്കുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 24.92 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4225-03-190-98—<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

52. സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗക്കാരുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതി ലക്ഷ്യമിടുന്ന കോർപ്പറേഷൻ, ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ മറ്റ് പിന്നാക്ക വിഭാഗത്തിനുതകുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. ദേശീയ ഏജൻസികളുടെ പദ്ധതികൾക്ക് ആനുപാതിക വിഹിതം കണ്ടെത്തുന്നതിനും തനത് പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള മൂലധന സഹായം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 59 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4225-03-190-97—<u>കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ - ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ</u>

53. സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം നിലവിൽ നടപ്പിലാക്കി വരുന്ന വ്യക്തിഗത ഗ്രൂപ്പ് ലോണുകൾക്ക് പുറമേ 2025-26 സാമ്പത്തിക വർഷം മുതൽ 5 വായ്പാ പദ്ധതികൾ കൂടി നടപ്പാക്കുന്നതിനായി അധിക തുക ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.20 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-277-86-12—<u>മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്</u>

54. പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള ബജറ്റ് വിഹിതവും മുൻവർഷത്തെ ബജറ്റ് വിഹിതവും 15 കോടി രൂപയാണെന്നും എന്നാൽ മുൻവർഷം ചെലവായ തുക പൂജ്യം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും മുൻവർഷം തുക ചെലവഴിക്കാത്തതെന്താണെന്നുമുള്ള സമിതി ചോദ്യത്തിന് പ്രസ്തുത ശീർഷകത്തിൽ മുൻവർഷത്തെ ബജറ്റ് വിഹിതം 15 കോടി രൂപയാണെന്നും ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റിനു പുറമെ അവരുടെ അക്കാദമിക് മികവിന്റെ അടിസ്ഥാനത്തിലുള്ള സ്കോളർഷിപ്പുകൂടി നൽകാൻ സാധിക്കുമോ എന്നതുസംബന്ധിച്ച ക്ലാരിഫിക്കേഷൻ ലഭിച്ചത് ഡിസംബർ മാസത്തിലാണെന്നും അതിനുശേഷമാണ് വിദ്യാർഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചതെന്നും നിലവിൽ 1 ലക്ഷം അപേക്ഷകൾ ലഭിച്ചിട്ടുള്ളതിനാൽ ഈ മാസം തന്നെ 15 കോടി രൂപയും ചെലവഴിക്കുന്നതാണെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

2225-03-800-99-31—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം) - ശമ്പളം</u>

55. കമ്മീഷൻ ചെയർമാൻ, മെമ്പർമാർ, ജീവനക്കാർ എന്നിവരുടെ ശമ്പളത്തിന് മാസം 20 ലക്ഷം രൂപ നിരക്കിൽ 2025-26 സാമ്പത്തിക വർഷം 240 ലക്ഷം രൂപയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 2019 വർഷത്തെ ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ കുടിശ്ശിക, കാലാവധി പൂർത്തിയാകുന്ന ചെയർമാൻ (രണ്ട് ടേം), മെമ്പർമാർ എന്നിവരുടെ ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ തുക എന്നിവ അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.097 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-800-99-35—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

56. കമ്മീഷൻ ഓഫീസിലെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാഹനത്തിനു പകരം പുതിയ വാഹനം വാങ്ങുന്നതിനും ഓഫീസിൽ e-CDESK നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 11.49 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പിരിഞ്ഞു.

## സബ്ജക്ട് കമ്മിറ്റി XIII(സാമൂഹ്യ സേവനം)

## 21-2-2025-ലെ യോഗ നടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2025 ഫെബ്രുവരി 21-ാം തീയതി വെള്ളിയാഴ്ച 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളന ഹാളിൽ ചെയർപേഴ്സന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവിന്റെ (വീഡിയോ കോൺഫറൻസിങ്) അധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് വീഡിയോ കോൺഫറൻസിങ് മുഖേന പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. ആൻസലൻ
2. ശ്രീ. യു. എ. ലത്തീഫ്

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗങ്ങൾ:

1. ശ്രീ. ചാണ്ടി ഉമ്മൻ
2. ശ്രീ. സി. സി. മുകുന്ദൻ
3. ശ്രീമതി ശാന്തകുമാരി കെ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. ഷർമ്മിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, വനിത ശിശു വികസന വകുപ്പ്
2. ഡോ. അദീല അബ്ദുള്ള, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് & വനിത ശിശു വികസന വകുപ്പ് ശ്രീമതി ഷൈനി ജോർജ്, സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ
3. ശ്രീ. വിനോദ് കുമാർ എം. കെ., ഡി.ഐ.ജി. പ്രിസൺസ് (എച്ച്.ക്യൂ.)

4. ശ്രീമതി ഹരിത വി. കുമാർ , ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
5. ഡോ. അരുൺ എസ്. നായർ, ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
6. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
7. ക്യാപ്റ്റൻ ഷീബാ രവി (റിട്ട.), ഡയറക്ടർ (ഇൻ-ചാർജ്), സൈനിക ക്ഷേമ വകുപ്പ്
8. ശ്രീ. ജോയി സി. കതിലങ്കൽ, രജിസ്ട്രാർ, കേരള സ്റ്റേറ്റ് കമ്മിഷൻ ഫോർ ഇക്കോണമിക്കലി ബാക്ക്‌വേർഡ് ക്ലാസ്സസ് എമങ് ഫോർവേർഡ് കമ്മ്യൂണിറ്റീസ്
9. ശ്രീമതി ബിന്ദു ഗോപിനാഥ്, അഡീഷണൽ ഡയറക്ടർ, വനിത ശിശു വികസന ഡയറക്ടറേറ്റ് & ചെയർപേഴ്സൺ (ഇൻ-ചാർജ്), കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡ്
10. ശ്രീമതി ജലജ എസ്., അഡീഷണൽ ഡയറക്ടർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്
11. ശ്രീമതി ബീന പി. എസ്., അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
12. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
13. ശ്രീ. സന്തോഷ് കുമാർ ടി. കെ., അഡീഷണൽ സെക്രട്ടറി, വനിത ശിശു വികസന വകുപ്പ്
14. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
15. ശ്രീ. സൺദേവ് എൻ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
16. ശ്രീമതി ഷിജി വി. എച്ച്, സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യ നീതി വകുപ്പ്
17. ശ്രീമതി ഷീബ എച്ച്. ഡാനിയേൽ, സീനിയർ ഫിനാൻസ് ഓഫീസർ, വനിത ശിശു വികസന ഡയറക്ടറേറ്റ്
18. ശ്രീമതി സുബ്ബലക്ഷ്മി ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
19. ശ്രീമതി ലീജ ജോസഫ്, ഫിനാൻസ് ഓഫീസർ, കേരള വനിതാ കമ്മിഷൻ
20. ശ്രീ. സന്തോഷ് കുമാർ, ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റ്

21. ശ്രീമതി മഞ്ജു എസ്. എസ്., ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഇക്കോണമിക്കലി ബാക്ക്‌വേർഡ് ക്ലാസ്സസ് എമംഗ് ഫോർവേർഡ് കമ്മ്യൂണിറ്റീസ്

22. ശ്രീമതി രജനിമോൾ പി. റ്റി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ

23. ശ്രീമതി രമാദേവി എൻ., ഫിനാൻസ് ഓഫീസർ, പ്രിസൺസ് (എച്ച്.ക്യൂ.)

24. ശ്രീമതി ചന്ദ്രശോഭ കെ., ലാ ഓഫീസർ, കേരള വനിതാ കമ്മിഷൻ

25. ശ്രീ. രാജീവ് ആർ., ഡെപ്യൂട്ടി സെക്രട്ടറി, കേരള സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റ്

26. ശ്രീ. മനോജ് എം. എസ്., അണ്ടർ സെക്രട്ടറി, വനിത ശിശു വികസന വകുപ്പ്

27. ശ്രീ. എൻ. ഓമനക്കുട്ടൻ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

28. ശ്രീമതി ദേവി എൽ. ആർ., മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്

29. ശ്രീ. മൊയ്തീൻകുട്ടി കെ., മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്

30. ശ്രീമതി ബിന്ദു വി. സി., മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

31. ശ്രീമതി ആശ എസ്., മാനേജർ(പ്രോജക്ട്സ് & ഫിനാൻസ്), കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

32. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ (ബിൽഡിങ്സ്), കേരള പൊതുമരാമത്ത് വകുപ്പ്

33. ശ്രീ. എം. കെ. സിനുകുമാർ, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്

34. ഡോ. പി. റ്റി. എം. സുനീഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

35. ശ്രീ. ജോൺസൺ വർഗ്ഗീസ്, അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, കല്ലേട്ടുംകര.

36. ശ്രീ. രാജേഷ് കെ. ജി., അക്കൗണ്ട്സ് ഓഫീസർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ.

37. ശ്രീമതി ജിഷ എസ്. വി., പ്രോഗ്രാം ഓഫീസർ, പ്രിസൺസ് (എച്ച്.ക്യൂ.)

38. ശ്രീ. എം. എസ്. ശിവദാസ്, സീനിയർ സൂപ്രണ്ട്, സാമൂഹ്യ നീതി ഡയറക്ടേറ്റ്

39. ശ്രീമതി ബിന്ദു വി., സൂപ്രണ്ട്, ശ്രീചിത്ര ഹോം.

സമിതി, 2025-26 സാമ്പത്തിക വർഷത്തെ സാമൂഹ്യനീതി, വനിത ശിശു വികസനം, ആഭ്യന്തരം, പൊതുഭരണം, സൈനിക ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## സാമൂഹ്യനീതി വകുപ്പ്

2235-02-101-69-03—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം-ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ

1. കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാരംഭ പരിശോധനയിൽ തന്നെ കണ്ടെത്തി വൈകല്യത്തിന്റെ തോത് കുറയ്ക്കുന്നതിന് വാതിൽപ്പടി സേവനങ്ങൾ നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 5.8615 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-101-69-08—ട്രെയിനിംഗ്, വർക്ക് ഷോപ്പുകൾ ഗവേഷണവും പുതിയ സംരംഭങ്ങളും

2. സാമൂഹ്യനീതി വകുപ്പ് 2015-ലാണ് അവസാനമായി ഭിന്നശേഷി സെൻസസ് നടപ്പിലാക്കിയത്. പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവരങ്ങൾ മനസ്സിലാക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ 1.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്നും സമിതി നിരീക്ഷിച്ചു. അതിനാൽ ഭിന്നശേഷിക്കാരുടെ സെൻസസ് നടപ്പിലാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-101-57—<u>വെള്ളപ്പൊക്കത്തിൽ ഇരയായവരിൽ വൈകല്യമുള്ളവർക്കുള്ള സഹായം</u>

3. 2020-21-ലുണ്ടായ പ്രളയത്തിൽ സഹായ ഉപകരണങ്ങൾ നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയ വകയിൽ NIPMR, KSDAWC എന്നീ ഏജൻസികൾക്ക് കുടിശ്ശിക നിലനിൽക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.47 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-200-72-02—<u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ-തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)</u>

4. ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെട്ട 19171 ഗുണഭോക്താക്കൾക്ക് 2023 നവംബർ മാസം മുതൽ 2025 മാർച്ച് വരെ ധനസഹായം അനുവദിക്കേണ്ട തുകയായ 19,55,44,200 രൂപയും ലൈഫ് സർട്ടിഫിക്കറ്റ് ലഭിച്ച 8859 ഗുണഭോക്താൾക്ക് 2025 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 4,81,33,800 രൂപയും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 28030 ഗുണഭോക്താൾക്ക് 2025-26 സാമ്പത്തിക വർഷം ധനസഹായം നൽകാൻ ആവശ്യമായ 20,18,16,000 രൂപയും പുതിയ അപേക്ഷകർക്ക് 2025-26 വർഷം ധനസഹായം നൽകാൻ ആവശ്യമായ 50,40,00,000 രൂപയും ഉൾപ്പെടെ ആകെ, 94,94,94,000 രൂപ ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 44.9494 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-200-72-04—<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ്</u>

5. പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം 15 കോടി രൂപയാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ മരുന്നുകൾ, യാത്രാസൗകര്യം, എംപാനൽ ചെയ്ത ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ 3.77 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-200-72-07—<u>വയോമിത്രം</u>

6. പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം 27.5 കോടി രൂപയാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ 2023-24, 2024-25

എന്നീ സാമ്പത്തിക വർഷങ്ങളിൽ മരുന്ന് വാങ്ങിയ വകയിൽ KMSCL-ന് 30 കോടി രൂപ കുടിശ്ശിക ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4235-02-101-95—ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററിന് കീഴിലെ നിർമ്മാണ പ്രവർത്തനങ്ങൾ

7. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ നിർമ്മിക്കുന്നതിനായി 7.63 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.736 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

8. പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം 43,64,000 രൂപയാണെന്നും നിലവിൽ കൗൺസിലർമാർക്കും ബോർഡ് അംഗങ്ങൾക്കുമുള്ള ഓണറേറിയം 15 മാസം കുടിശ്ശികയാണെന്നും സമിതി മനസ്സിലാക്കി. സാലറി, നോൺസാലറി ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 98.82 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-101-89—ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

9. 2025-26 സാമ്പത്തിക വർഷം ഭിന്നശേഷിക്കാർക്കുള്ള ഭവനങ്ങൾക്ക് ഗ്രാന്റ് നല്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 75.6 ലക്ഷം രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 1.66 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 77.26 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-104-97—സംരക്ഷണ കേന്ദ്രങ്ങൾ

10. 2025-26 സാമ്പത്തിക വർഷത്തെ ഗ്രാന്റ് മുഴുവൻ കൊടുത്ത് തീർക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40.55 ലക്ഷം രൂപ

അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-107-98-36—സന്നദ്ധ സംഘടനകൾക്കുള്ള സഹായം - സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം

11. 2025-26 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.7104 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-800-98—മിശ്രവിവാഹങ്ങൾ

12. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2018 മുതൽ 2025 ജനുവരി 31 വരെ ലഭിച്ച 3616 അപേക്ഷകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.848 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

13. ഭിന്നശേഷിക്കാരായ അപേക്ഷകരുടെ എണ്ണത്തിലുണ്ടായ വർദ്ധന പുതിയ പദ്ധതികളുടെ നടത്തിപ്പ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 5.9444 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-200-79-34—ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാനതല കമ്മീഷണറേറ്റ്- മറ്റു ചെലവുകൾ

14. 2025-26 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷി സമൂഹത്തിന്റെ ക്ഷേമത്തിനും സമഗ്ര ഉന്നമനത്തിനും വേണ്ടി പുതിയ 4 പ്രൊപ്പോസലുകൾ നടപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമകോർപ്പറേഷൻ

15. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമകോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കായി 2025-26 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപതമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വനിത ശിശുവികസന വകുപ്പ്

2235-02-102-50—നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി

16. കുട്ടിയുടെ ആദ്യ 1000 ദിവസങ്ങളിലെ ശരിയായ വളർച്ച ഉറപ്പാക്കുന്നതിനും അമ്മയുടെ ആരോഗ്യത്തിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ആദ്യ 1000 ദിന പരിപാടിയുടെ ഭാഗമായി ന്യൂട്രീഷൻ ഇനത്തിൽ 3, 4 ക്വാർട്ടറുകളിൽ ഏകദേശം 40 ലക്ഷം രൂപ വീതവും 1000 ദിന ട്രെയിനിംഗ് പ്രോഗ്രാമിലെ 4 ബാച്ച് ട്രെയിനിംഗ് നടത്തുന്നതിനായി 1.56 ലക്ഷം രൂപയും അധികമായി ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 81.56 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-200-72-11—കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്നേഹപൂർവ്വം

17. മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും, മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി./ എയ്ഡ്സ് ബാധിതരായ കുട്ടികൾക്കും വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2023-24 വർഷത്തെ കുടിശ്ശികയിനത്തിൽ 9.60 കോടി രൂപയും 2024-25 വർഷത്തെ ചെലവുകൾക്കായി 24 കോടി രൂപയും ചേർത്ത് ആകെ 33.6 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ 20 കോടി രൂപ പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 13.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-200-72-21—പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി

18. 2024-25 സാമ്പത്തിക വർഷം മരുന്ന് വാങ്ങിയ വകയിൽ KMSCL-ന് കുടിശ്ശിക ഉള്ള 3 കോടി രൂപ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-001-90—<u>വനിതാ ശിശുവികസന ഡയറക്ടർ ഓഫീസ്</u>

19. ഔദ്യോഗിക ആവശ്യങ്ങൾക്കായി നിലവിൽ കരാർ അടിസ്ഥാനത്തിലുള്ള വാഹനം ഉപയോഗിക്കുന്ന ഇനത്തിൽ പ്രതി മാസം 60,000 രൂപ നിരക്കിൽ പ്രതിവർഷം 7,20,000 രൂപ ചെലവുവരുന്നതിനാലും കാലപ്പഴക്കംമൂലം 3 വാഹനങ്ങൾ ഉപയോഗരഹിതമായതിനെ തുടർന്ന് കാര്യാലയത്തിലെ അധിക ഡ്രൈവർമാർ ഓഫീസ് അറ്റൻഡൻസ് തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്നതിനാലും വാഹനം വാങ്ങുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 21.4 ലക്ഷംരൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-102-89—<u>കേരള അംഗണവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി</u>

20. വിരമിച്ച അംഗണവാടി ജീവനക്കാർക്ക് കുടിശ്ശിക പെൻഷൻ നൽകുന്നതിനായി 11.22 കോടി രൂപയും ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മറ്റു ജീവനക്കാർ എന്നിവരുടെ ശമ്പളം, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത എന്നിവ അനുവദിക്കുന്നതിനായി 14.95 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ 11.3695 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-102-55—<u>അംഗണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം</u>

21. സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ്. ഓഫീസുകളിലായി വ്യാപിച്ചു കിടക്കുന്ന 33120 അംഗണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും 1000 രൂപ നിരക്കിൽ 2025-26 സാമ്പത്തിക വർഷം മുതൽ പ്രതിമാസ ഓണറേറിയത്തിൽ വർദ്ധനവ് അനുവദിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 79.488 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-103-77—<u>വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ധനസഹായം</u>

22. വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുമായുള്ള പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 242 ഗുണഭോക്താക്കൾക്ക് നൽകേണ്ട 2,26,82,877 രൂപയും 2023-24 സാമ്പത്തിക വർഷം 278 ഗുണഭോക്താക്കൾക്ക് നൽകേണ്ട 3,40,47,945 രൂപയും ഉൾപ്പെടെ 60,330,822 രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.549 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-102-53—ബാലാവകാശ കമ്മീഷൻ

23. കമ്മീഷൻ ചെയർപേഴ്സണ് ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്ഥിരവാഹനം ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ഔദ്യോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ദീർഘദൂര യാത്രകൾക്ക് സൗകര്യപ്രദമാകുന്ന വാഹനം വാങ്ങുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 23 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം

24. 2025-26 സാമ്പത്തിക വർഷത്തേക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനവിഹിതമായി 1,30,30,054 രൂപ ആവശ്യമായി വരുന്നു. ഇതിനുപുറമേ 2018-19 വർഷത്തെ ബോർഡിന്റെ ഭരണ ചെലവുകൾക്കായി കേന്ദ്രബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപയും 2022-23 വർഷത്തെ കേന്ദ്രബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള 67,87,475 രൂപയും 2023-24-ൽ സർക്കാർ അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 96,20,000 രൂപയും ചേർത്ത് ആകെ 2,23,59,700 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 2.777 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-104-99—ശ്രീ ചിത്രാ ഹോം - സഹായധനം

25. സംസ്ഥാന സർക്കാരിന്റെ 250 കുട്ടികൾക്കായുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനത്തിനു വേണ്ടി 31-സഹായധനം - ശമ്പളം എന്ന ഇനത്തിൽ 52.21 ലക്ഷം രൂപയും 36 - മൂലധനത്തിനുള്ള സഹായധനം എന്ന ഇനത്തിൽ 60 കോടി രൂപയും 36-സഹായധനം- ശമ്പളേതരം എന്ന ഇനത്തിൽ 74.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ പ്രസ്തുത ശീർഷകത്തിൽ 61.2671 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-190-99—കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

26. വനിതകൾക്കായുള്ള സ്വയം തൊഴിൽ വായ്പാ വിതരണത്തിനും മറ്റ് തുടർ പദ്ധതികൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 2.70 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-103-90-02—സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി - കേരള വനിതാ വികസന കോർപ്പറേഷൻ

27. വനിതാ വികസന കോർപ്പറേഷന്റെ ലിംഗാവബോധ പരിശീലന പരിപാടികൾ വിപുലീകരിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-103-89—വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

28. റീച്ച് ഫിനിഷിംഗ് സ്കൂൾ മുഖേന വനിതകൾക്കായി വിവിധ തൊഴിൽ പരിശീലന/ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പൊതുഭരണ വകുപ്പ്

2235-02-001-87-31—മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

29. കമ്മീഷൻ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം, ഡി.എ. അരിയർ, ആർജ്ജിതാവധി ചെലവ് എന്നിവയ്ക്ക് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.4763 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-190-97-12—കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള ധനസഹായം - സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും

30. സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ സമർത്ഥരായ കുട്ടികളുടെ തുടർ പഠനത്തിന് ഏറെ സഹായകരമായ വിദ്യാ സമുന്നതി പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-190-97-34-3—കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ - മറ്റിനം

31. 164-ൽ പരം സംവരണേതര ജാതി വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ വീടുകളുടെയും അഗ്രഹാരങ്ങളുടെയും പുനരുദ്ധാരണത്തിനായി ധനസഹായം നൽകി വരുന്ന പ്രസ്തുത പദ്ധതി പ്രകാരം എല്ലാ സംവരണേതര വിഭാഗത്തിൽപ്പെടുന്നവർക്കും ധനസഹായം ലഭ്യമാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-190-97-31—കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ - സഹായ ധനം - ശമ്പളം

32. കോർപ്പറേഷനിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറും നിയമിതരാവുകയും ഇവരുടെ വേതനം, ശമ്പളം ഈ ശീർഷകത്തിൽ നിന്ന് വഹിച്ച് തുടങ്ങുകയും ചെയ്തെങ്കിലും അതിനനുസൃതമായി ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഡി.എ., ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ചെലവിന് ആനുപാതികമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സൈനിക ക്ഷേമ വകുപ്പ്

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് - ന്യൂ ഇയർ ബംമ്പർ ലോട്ടറിയുടെ അറ്റാദായം - ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

33. 4-1-2023-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപയിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് നാളിതുവരെ 8.5 കോടി രൂപയാണ് ലഭിച്ചിട്ടുള്ളതെന്നും, ഇനിയും ഈ വകയിൽ 4.47 കോടി രൂപ ലഭിക്കാനുണ്ടെന്നും, ആംഡ് ഫോഴ്സ് ഫ്ലാഗ് ഡേ ഫണ്ടിലേക്ക് ലഭിക്കുന്ന പ്രസ്തുത തുക വിമുക്തഭടന്മാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുവെന്നും ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ

നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും വിമുക്തഭടന്മാർക്കും ആശ്രിതർക്കും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 4.47 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ആഭ്യന്തര വകുപ്പ്

2235-02-106-98-56—ദുർഗുണ പരിഹാര പാഠശാല - ഭക്ഷണവും ധനസഹായവും

ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ്, മിൽമ, ഗ്യാസ് ഏജൻസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ ഫണ്ടിന്റെ അഭാവത്താൽ കുടിശ്ശികയാകുന്ന സാഹചര്യം ഉള്ളതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## സബ്ജക്ട് കമ്മിറ്റി XIII (സാമൂഹ്യ സേവനം)

## 27-2-2025 ലെ യോഗ നടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2025 ഫെബ്രുവരി മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. ഒ. ആർ. കേളുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും സന്നിഹിതയായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ആൻസലൻ
2. ശ്രീമതി ശാന്തകുമാരി കെ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം

1. ശ്രീ. ചാണ്ടി ഉമ്മൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

സമിതി 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിയ്ക്കുകയും 1 മുതൽ 74 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.45 ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.